കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്

2017-18

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ /കെ.കെ.ഡി.പി.10/2712/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
കോഴിക്കോട് ജില്ല
തീയതി 17.01.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത്
സർ,

വിഷയം : നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പംഅയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ /കെ.കെ.ഡി.പി.10/2712/2018 തീയതി 17.01.2019

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.09.2017 മുതൽ 21.11.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സതീഷ് മാവേലി പുത്തൻവീട്<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.10.2018 മുതൽ 31.10.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സതീഷ് കുമാർ.കെ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വിനോദ്.പി.എ. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജയകുമാർ പാലോളി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശ്രീജിത്ത്.കെ.വി. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. യശോദ തെങ്ങിട | 1.4.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീ. എൽ. എൻ. ഷിജു | 1.4.2017 മുതൽ 31.3.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ശ്രീശൻ. പി.എൻ. | 01.04.2017 മുതൽ 04.04.2017 വരെ |
| | ശ്രീമതി.ഷെറീന.എസ്.ആർ. | 04.04.2017 മുതൽ 14.06.2017 വരെ |
| | ശ്രീമതി.ഷഹന.സി.എ. | 16.06.2017 മുതൽ 06.01.2018 വരെ |
| | ശ്രീമതി.രഞ്ജു സുരേന്ദ്രൻ | 28.01.2018 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ഒ. കെ. ജിഷ | 1.4.2017മുതൽ 30.06.2017വരെ |
| | ശ്രീമതി.ജസിത റഹ്മാൻ. | 28.09.2017 മുതൽ 31.3.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ഒ. എം. രാജൻ | 1.4.2017 മുതൽ 31.3.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. പി. സി. അബ്ദുൾ മജീദ് | 1.4.2017 മുതൽ 31.3.2018 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജ്ജൻ | ഡോ. എ. ധന്യ | 1.4.2017 മുതൽ 06.06.2017 വരെ |
| | ഡോ.സുബീഷ്.പി.എം. | 06.06.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം ) | ഡോ. ബിന്ദു ജോസഫ് | 1.4.2017 മുതൽ 18.07.2017 വരെ |
| | ഡോ.ദീപ്തി.ജി. | 19.07.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഇ. ജെ. സ്മിത | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ. പി. ടി. ഗ്രേഷ്യൻ | 1.4.2017 മുതൽ 31.3.2018 വരെ |
| | റാഷിദ.പി. | 1.8.2017 മുതൽ 31.3.2018 വരെ |
| ഐ. സി. ഡി. എസ് സൂപ്പർവൈസർ | ശ്രീമതി. ടി. കെ. പുഷ്പ | 1.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി. എച്ച്. സി) | ഡോ. ജയകൃഷ്ണൻ | 01.04.2017 മുതൽ 31.05.2017 വരെ |
| | ഡോ.അബ്ദുൾ റാസിഖ്. | 01.06.2017 മുതൽ 10.07.2017 വരെ |

| | | |
|---|---|---|
| | | |
| | ഡോ.ഷാമിൻ.പി.ആർ. | 11.07.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. കെ. പി. ഷബീന | 01.04.2017 മുതൽ 31.3.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | രശീത് പിരിവിലെ അപാകതകൾ | 2-1 |
| 14 | ഡി & ഒ ലൈസൻസ്- ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം. | 2-2 |
| 15 | തൊഴിൽ നികുതി- നടപടിക്രമങ്ങൾ പാലിച്ച് ഡിമാന്റ് പൂർണ്ണമാക്കുന്നില്ല. | 2-3 |
| 16 | ബിൽഡിംഗ് പെർമിറ്റ്- പൊതു അപാകതകൾ | 2-4 |
| 17 | പഞ്ചായത്ത് കാര്യായത്തിന് സമീപം അനധികൃത നിർമ്മാണം- നടപടികൾ കൈകൊള്ളുന്നതിൽ വീഴ്ച | 2-5 |
| 18 | അനധികൃത നിർമ്മാണങ്ങൾ- തുടർ നടപടികളില്ല. | 2-6 |
| 19 | വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് ഉപയോഗിച്ച് ആരാധനാലയം നിർമ്മിച്ചു. | 2-7 |
| 20 | കെട്ടിട നിർമ്മാണ നിയന്ത്രണം- ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമല്ല. | 2-8 |
| 21 | വസ്തു നികുതി- അപാകതകൾ | 2-9 |
| | ഭാഗം 3 | |
| 22 | പൊതുമരാമത്ത് പദ്ധതി നടത്തിപ്പിലെ അപാകതകൾ- | 3-1 |

| | | |
|---|---|---|
| 23 | ടെണ്ടർ കുറവ് പരിഗണിക്കാതെ ബിൽ തുക നൽകി | 3-2 |
| 24 | കുടുംബശ്രീ -അഗതികൾക്കുള്ള പോഷകാഹാര വിതരണം മുടങ്ങി. | 3-3 |
| 25 | മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-ആവശ്യമായ തുക വകയിരിത്തിയില്ല | 3-4 |
| 26 | സമഗ്ര വിദ്യാഭ്യാസ പരിപാടി- പദ്ധതിമാർഗ്ഗരേഖ പാലിച്ചില്ല | 3-5 |
| 27 | എസ്.എസ്.ഏ വിഹിതം വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | 3-6 |
| 28 | പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ- അപാകത സംബന്ധിച്ച് | 3-7 |
| 29 | പ്രേരക് മാരുടെ ഹോണറേറിയം സാക്ഷരതാ മിഷനിൽ നിന്നും തിരികെ ഈടാക്കിയില്ല | 3-8 |
| 30 | കാർഷിക മേഖല - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 3-9 |
| 31 | വനിതാകർഷകർക്ക് പാലിന് ഇൻസെന്റീവ് -ആവശ്യത്തിന് ഗുണഭോക്താക്കളില്ലാഞ്ഞതിനാൽ പ്രോജക്ട് പൂർത്തിയായില്ല. | 3-10 |
| | ഭാഗം 4 | |
| 32 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 35 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 36 | സ്ഥിര നിക്ഷേപം | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 39 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 42 | ഓഡിറ്റ് സാക്ഷ്യപത്രം | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് 29.03.2018 ലെ തീയതിയിലെ 1/2017 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.ബജറ്റ് 27.03.2018 തീയതിയിൽ 1/1(18) നമ്പർ തീരുമാന പ്രകാരം പുതുക്കി.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 30.05.2018 |

വാർഷിക ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ സമർപ്പിക്കുന്നതിന് സ്ഥാപനം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | | |
| 2017-18 | 22.6.18 – 23.6.18 | കെ.എസ്.എ.കെ.കെ.ഡി.ഇ2/1111 /2018(44) തിയ്യതി .09.07.2018 |

## 1-4 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29991264.67 |
| വരവ് | 90411918 |
| ആകെ | 120403182.67 |
| ചെലവ് | 111940095 |
| നീക്കിയിരിപ്പ് | 8463087 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13725000 | 13725000 | 9414400 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 6806840 | 6806840 | 6013218 | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | - | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 6254000 | 6254000 | 5659240 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3035000 | 3035000 | 1471036 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 6348094 | 6348094 | 5581016 | |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 1755866 | 1755866 | 1153507 | |
| സാക്ഷരത | 137626 | 4738 | 142364 | 36000 | 106364 |
| എസ്.ബി.ഐ പേരാമ്പ്ര | 589039.67 | 422612 | 1011651.67 | 200000 | 811651.67 |
| ടാക്സ് , ഇ-പേമെന്റ് | 2479 | 7655 | 10134 | 649 | 9485 |

| | | | | | | |
|---|---|---|---|---|---|---|
| കെ.ഡി.സി ബാങ്ക്, നടുവണ്ണൂർ | | 0 | 52800 | 52800 | 52800 | 0 |
| എസ്.ബി.ഐ നടുവണ്ണൂർ.എം.പി ഫണ്ട് | | 169434 | 1106917 | 1276351 | 1049787 | 226564 |
| എസ്.ബി.ഐ നടുവണ്ണൂർ (ജലനിധി) | | 13961676 | 44656574 | 58618250 | 55578938 | 3039312 |
| എസ്.എം.ജി.ബി ഉള്ള്യേരി (MGNREGS) | | 24004 | 973665 | 997669 | 950087 | 47582 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 31128868 | 31128868 | 31128868 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 24004 | 973665 | 997669 | 950087 | 47582 |
| ബി ഫണ്ട് | | 0 | 41105400 | 41105400 | 41105400 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3531623 | 5643244 | 9174867 | 6687536 | 2487331 |
| | ട്രഷറി അക്കൗണ്ട് | 1759729 | 9098000 | 10857729 | 10783697 | 74032 |
| എസ്.ബി.ഐ (സാലറി ) | | 830440 | 7769200 | | 8426781 | 172859 |
| റീജിയണൽ കോ ഓപ്പറേറ്റീവ് ബാങ്ക്. നം-7522 | | 921469 | 23037 | 944506 | 0 | 944506 |
| ട്രഷറി ടി.എസ്.ബി (സംയുക്ത പദ്ധതി വിഹിതം) | | 75000 | 2340500 | 2415500 | 2328000 | 87500 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 167 | 62700905 | 96 | 37239742 | 10 | 61 | 57.48 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 24004 | 973665 | 997669 | 950087 | 47582 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 31128868 | 31128868 | 31128868 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 175080 | 389 |
| കർഷകതൊഴിലാളി പെൻഷൻ | 9810900 | 848 |
| വിധവാപെൻഷൻ | 10829900 | 908 |
| വാർദ്ധക്യകാലപെൻഷൻ | 22247600 | 1646 |
| വികലാംഗപെൻഷൻ | 3424700 | 289 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 827900 | 69 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.11.18 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10100 /-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിലെ ജീവനക്കാരുടെ ചുമതലകൾ വിശദമായ ഓഫീസ് ഉത്തരവ് മുഖേന വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ജീവനക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നുണ്ടോ എന്നത് നിരീക്ഷിക്കുന്നില്ല. (ഉദാ- പൊതുജന പരാതിയിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പെടുന്ന ഒരു അനധികൃത നിർമ്മാണം, ഫീൽഡ്തല പരിശോധനക്ക് ചുമതലപ്പെട്ട ജീവനക്കാരന്റെ കൃത്യനിർവ്വഹണത്തിലുണ്ടായ വീഴ്ചയായി പരിഗണിച്ച് ആയതിന്റെ കാരണം പരിശോധിച്ച് പരിഹരിക്കപ്പെടുന്നില്ല).

സൂചിക സോഫ്റ്റ് വെയറിന്റെ സഹായത്തോടെയാണ് സ്ഥാപനത്തിൽ തപാലുകൾ കൈകാര്യം ചെയ്യുന്നത്. എന്നാൽ സൂചിക സോഫ്റ്റ്‌വെയർ പൂർണ്ണമായും ഉപയോഗപ്പെടുത്താത്തതിനാൽ ഫയൽ ട്രാക്കിംഗ് സാധ്യമല്ല. മുഴുവൻ ജീവനക്കാരും പേഴ്സണൽ രജിസ്റ്റർ എഴുതി പരിപാലിക്കുന്നില്ല.

വാങ്ങൽ നടപടികളിൽ സ്ഥാപനം പ്രോക്യൂർമെന്റ് ചട്ടങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ഒരു വർഷത്തെ ആവശ്യങ്ങൾ മുൻകൂട്ടി നിർണയിച്ച് പ്രോക്യൂർമെന്റ് പ്ലാൻ, പ്രോക്യൂർമെന്റ് ബഡ്ജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ത വാങ്ങൽ രീതികൾ അവലംബിക്കുന്ന രീതിയാണുള്ളത്.

കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രവർത്തന ക്ഷമമല്ലാത്ത ഇലക്ട്രോണിക്- ഫർണ്ണിച്ചർ ആസ്തികൾ കയ്യൊഴിയാതെ സൂക്ഷിക്കുന്നതായും കാണുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.11.2018 | 10/2018 | 13.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.01.2010 | 2008-09 വരെ | LBA(HA)111/8. A1538/627. 01.03.10 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ക്രമ നമ്പർ 1, 2,4,5,7 എന്നിവ പരിഹരിച്ചിട്ടുണ്ട്. ക്രമ നമ്പർ 6 പ്രകാരമുള്ള പരാമർശ പട്ടികയിലെ 1,2 എന്നിവയും പരിഹരിച്ചിട്ടുണ്ട്. ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1) ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം, ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

2) തനത് ഫണ്ടിന്റെ റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ 21.03.2017 ന് കെ.ഡി.സി ബാങ്ക് നടുവണ്ണൂരിൽ സമർപ്പിച്ച ഹോമിയോ മെഡിക്കൽ ഓഫീസറുടെ തൊഴിൽ നികുതി ഇനത്തിൽ വരവ് വന്ന 7788503 നമ്പറായുള്ള 2500 രൂപയുടെ ചെക്ക് ഓഡിറ്റ് തീയതി വരെയും കളക്ഷനാവാത്തതായി കാണുന്നു. ചെക്ക് യഥാസമയം ബാങ്കിൽ സമർപ്പിച്ച് പണമാക്കി മാറ്റാത്തതിനും കാലഹരണപ്പെടുത്തിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീത് പിരിവിലെ അപാകതകൾ

19.09.2017 മുതൽ 21.11.2018 വരെയുള്ള കാലയളവിലെ രശീത് ബുക്കുകൾ, സാംഖ്യ രശീതുകൾ, കളക്ഷൻ രജിസ്റ്ററുകൾ, തനത് ഫണ്ട് അക്കൗണ്ട് പാസ്ബുക്കുകൾ, എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. ഇന്ററപ്റ്റ് രശീതുകളുടെ ബാഹുല്യം- ജോലിഭാരം സൃഷ്ടിക്കുന്നു.

സാങ്കേതിക തകരാർ മൂലം സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന രശീത് അനുവദിക്കാൻ കഴിയാത്ത സാഹചര്യങ്ങളിലാണ് , രശീത് ബുക്കുകൾ ഉപയോഗിച്ച് മാനുവലായി രശീതുകൾ നൽകുന്നത്. പിന്നീട് ഈ രശീതുകൾ ഇന്ററപ്റ്റഡ് രശീതുകളായി സാംഖ്യയിൽ രേഖപ്പെടുത്തിയാൽ മാത്രമെ അക്കൗണ്ടിംഗ് പ്രക്രിയ പൂർണ്ണമാവുകയുള്ളൂ. ഇന്ററപ്റ്റ് രശീതുകൾ താമസം വിനാ സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതുണ്ട്. അല്ലാത്ത പക്ഷം കാഷ് ബുക്ക്, ബാങ്ക് ബുക്ക്, അതത് അക്കൗണ്ടിംഗ് ശീർഷകങ്ങൾ എന്നിവയിൽ പൊരുത്തക്കേടുകൾ സൃഷ്ടിക്കപ്പെടുന്നതാണ്. ഇന്ററപ്റ്റ് രശീതുകൾ, സാംഖ്യയിൽ പോസ്റ്റ് ചെയ്യേണ്ടതുള്ളതിനാൽ സ്ഥാപനത്തെ സംബന്ധിച്ച് മേൽ രശീതുകൾ അധിക ജോലിഭാരം സൃഷ്ടിക്കുന്നതാണ്. ഇക്കാരണത്താൽ തന്നെ സാങ്കേതിക തകരാറുകൾ, (ജോലിഭാരം കണക്കിലെടുത്ത്) സ്ഥാപനങ്ങൾ അതിവേഗം പരിഹരിക്കാറുണ്ട്. ഇക്കാരണങ്ങളാൽ തന്നെ സ്ഥാപനങ്ങളിൽ വളരെ കുറഞ്ഞ അളവിൽ മാത്രമെ ഇന്ററപ്റ്റ് രശീതുകൾ കാണാറുള്ളൂ. എന്നാൽ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ 465 ഉം, 2018-19 ൽ ഓഡിറ്റ് തീയതിവരെ 751 ഉം ഇന്ററപ്റ്റ് രശീതുകൾ ഉപയോഗിച്ചതായി കാണുന്നു. 2018-19ലെ

രശീതുകൾ മുഴുവനായും സാംഖ്യയിൽ രേഖപ്പെടുത്താത്തതിനാൽ കാഷ് ബുക്ക്, ബാങ്ക് ബുക്ക്, വിവിധ ഡിമാന്റ് രജിസ്റ്ററുകൾ എന്നിവയിൽ പൊരുത്തക്കേടുകളും നിലനിൽക്കുന്നുമുണ്ട്.

സാംഖ്യ- സഞ്ചയ സോഫ്റ്റ്‌വെയറുകൾ പരസ്പരം ബന്ധിപ്പിച്ചതിനാൽ ഇന്റർനെറ്റ് കണക്ഷൻ ഇല്ലാതെ രശീതുകൾ സ്വീകരിക്കുന്നതിന് സ്ഥാപനത്തിന് കഴിയില്ല. VPN കണക്ഷൻ ഉപയോഗപ്പെടുത്തിയാണ് ജനസേവനകേന്ദ്രം മുഖേന സ്ഥാപനം രശീതുകൾ സ്വീകരിച്ച് കൊണ്ടിരുന്നത്. VPN കണക്ഷനിലുണ്ടായ തകരാറും, യു.പി.എസ് തകരാറുമാണ് കഴിഞ്ഞ ഒന്നര വർഷ കാലയളവിൽ 1216 ഇന്ററപ്റ്റ് രശീതുകൾ അനുവദിക്കുന്നതിനിടയായതെന്ന് 23.11.2018 ലെ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനം BBNL (Bharat Broadband Netwoork Limited) ഇന്റർനെറ്റ് കണക്ഷൻ സാധ്യത പ്രയോജനപ്പെടുത്താത്തതും, യു.പി.എസ്. തകരാർ പരിഹരിക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകാത്തതുമാണ് ഇന്ററപ്റ്റ് രശീതുകളുടെ ബാഹുല്യത്തിന് കാരണമായത്.

2. രശീത് വരവ്- കൃത്യത പരിശോധിക്കുന്നില്ല.

02.11.2018 തീയതിയിൽ 19300 നമ്പർ രശീത് ബുക്കിലെ 84 നമ്പർ രശീത് പ്രകാരം പിരിവെടുത്ത 430 രൂപയിൽ 420 രൂപ മാത്രമെ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ളു. പിരിവ് തുകയുടെ കൃത്യത പരിശോധിക്കേണ്ട ചുമതലയുള്ള കാഷ്യർ കളക്ഷൻ രജിസ്റ്റർ പരിശോധിച്ചിട്ടില്ല . ഭൂരിഭാഗം ദിവസങ്ങളിലെയും പിരിവ് തുകകൾ ഏതെങ്കിലും തലത്തിലുള്ള സൂക്ഷ്മ പരിശോധന നടത്തി കൃത്യത ഉറപ്പാക്കുന്നില്ല. കാഷ്യർ, മേൽ നോട്ട ചുമതലയുള്ള അക്കൗണ്ടന്റ് , ഹെഡ് ക്ലർക്ക് എന്നിവർ ചുമതലാ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതാണ് മേൽ അപാകതക്ക് കാരണമായത്. രശീത് പിരിവിന്റെയും അടവാക്കലിന്റെയും കൃത്യത പരിശോധിക്കുന്നതിനുള്ള ആഭ്യന്തര സംവിധാനങ്ങൾ കാര്യക്ഷമമല്ലാത്തത് ഭാവിയിൽ ഗുരുതരമായ അപാകതകൾക്ക് കാരണമായേക്കാം.

സ്ഥാപനതലത്തിൽ താഴെ പറയുന്ന പരിഹാര നടപടികൾ സ്വീകരിച്ച് അപാകതകൾ ആവർത്തിക്കുന്നില്ലെന്നത്ഉറപ്പ് വരുത്തേണ്ടതാണ്.

1. സാങ്കേതിക തകരാറുകൾ അടിയന്തിരമായി പരിഹരിച്ച്, ഇന്ററപ്റ്റ് രശീതുകളുടെ ഉപയോഗം കുറയ്ക്കേണ്ടതുമാണ്. പോസ്റ്റ് ചെയ്യാനവശേഷിക്കുന്ന രശീതുകൾ അടിയന്തിരമായി സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണ്. രശീതുകൾ രേഖപ്പെടുത്തുന്നതിൽ സോഫ്റ്റ്‌വെയർ സംബന്ധിച്ച സാങ്കേതിക തകരാറുകൾ തടസ്സമാകുന്നുണ്ടെങ്കിൽ പ്രസ്തുത തകരാർ രേഖാമൂലം ഐ.കെ.എം നെ അറിയിക്കേണ്ടതും, സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിർദ്ദേശിക്കേണ്ടതുമാണ്.
2. സാംഖ്യ രശീതുകൾ റദ്ദ് ചെയ്യുമ്പോൾ റദ്ദ് ചെയ്തതിന്റെ കാരണം കൃത്യമായി ചേർക്കേണ്ടതും സോഫ്റ്റ്‌വെയറിൽ പരിമിതികളുണ്ടെങ്കിൽ കാരണം മാന്വലായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. റദ്ദ് ചെയ്യുന്ന രശീതുകളുടെ റിപ്പോർട്ട് അതത് ദിവസം തന്നെ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
3. അതത് ദിവസങ്ങളിലെ പിരിവ് തുകയുടെ കൃത്യത, അക്കൗണ്ടിംഗിന്റെയും ഒടുക്കലിന്റേയും പരിശോധനക്ക് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആയത് നിർവ്വഹിക്കുന്നുണ്ടെന്ന് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തി, ഡേ ബുക്ക്, കളക്ഷൻ രജിസ്റ്റർ എന്നിവയിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

മേൽ പരാമർശിച്ച നിർദ്ദേശങ്ങൾ പാലിച്ച് അപാകത പരിഹരിക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 2-2 ഡി & ഒ ലൈസൻസ്- ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം.

2017-18 വർഷത്തിൽ ഡി&ഒ ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിന് ആധികാരികത കാണുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അസസ്‌മെന്റ് രജിസ്റ്റർ പ്രിന്റെടുത്ത് ആയതിൽ ലൈസൻസിന് അപേക്ഷിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ എഴുതി ചേർത്ത് തയ്യാറാക്കിയ രജിസ്റ്ററാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. എല്ലാ വാർഡിന്റെയും ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടുമില്ല. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം വ്യവസായ, വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം തേടിയതിന്റെയോ ഫീൽഡ് പരിശോധനയുടെയോ അടിസ്ഥാനത്തിൽ അല്ല ട്രേഡേഴ്സ് ലിസ്റ്റ്

തയ്യാറാക്കിയിട്ടുള്ളത്.

2. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള 2088 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. എന്നാൽ 2017-18 വർഷത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 512 പേർ മാത്രമാണ് ഡി&ഒ ലൈസൻസെടുത്തിട്ടുള്ളത്. ശേഷിക്കുന്ന 1576 കെട്ടിടങ്ങളെ സംബന്ധിച്ച വിവരം പരിശോധിക്കപ്പെട്ടിട്ടില്ല.

3. സ്ഥാപന പരിധിയിൽ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഫോറം 2 ലുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. (1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ പ്രകാരമുള്ളത്) . 1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഫോറം നം. 2 ലുള്ള രജിസ്റ്ററും സ്ഥാപനത്തിൽ തയ്യാറാക്കി സംരക്ഷിക്കുന്നില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് , കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 2088 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും , ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും , 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്. പരാമർശങ്ങൾ പരിഹാരനടപടികൾ കൈക്കൊണ്ട് റിപ്പോർട്ട് ചെയ്യുന്ന മുറക്ക് ഒഴിവാക്കുന്നതാണ്.

## 2-3 തൊഴിൽ നികുതി- നടപടിക്രമങ്ങൾ പാലിച്ച് ഡിമാന്റ് പൂർണ്ണമാക്കുന്നില്ല.

2017-18 വർഷത്തിൽ തൊഴിൽ നികുതി പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ വാർഷിക ധനകാര്യ പത്രിക, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല . ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കേരള ഗ്രാമീൺ ബാങ്ക്, മുത്തൂറ്റ് ഫിൻ കോർപ്, റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും 2017-18 രണ്ടാം അർദ്ധവർഷ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.
- പഞ്ചായത്തിലെ ഡി & ഒ ലൈസൻസ് പ്രകാരം 2017-18 വർഷത്തിൽ 512 വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 2017-18 വർഷത്തിൽ 439 കച്ചവടക്കാരിൽ നിന്നു മാത്രമെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. ഡി&ഒ ലൈസൻസ് അനുവദിച്ച 73 കച്ചവടക്കാർക്ക് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ ചട്ടം 10 പ്രകാരമുള്ള ഫോറം 4 ൽ നോട്ടീസ് നൽകുകയോ റിട്ടേൺ വാങ്ങുകയോ ചെയ്തിട്ടില്ല. ഡി & ഒ ലൈസൻസ് അനുവദിച്ച മുഴുവൻ കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ സ്ഥാപനം ശ്രദ്ധ ചെലുത്തിയില്ല.ഒന്നോ അതിലധികമോ ജീവനക്കാരുള്ള സ്ഥാപനങ്ങളുടെ ഉടമകൾക്ക് റിട്ടേണുകൾ ലഭ്യമാക്കി നോട്ടീസ് നൽകി തൊഴിൽ നികുതിയുടെ വരുമാന പരിധിയിൽ ഉൾപ്പെടുന്നവ ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും സ്ഥാപനത്തിന് സാധിച്ചിട്ടില്ല. ലൈസൻസ് അപേക്ഷക്കൊപ്പം ഹാജരാക്കുന്ന വാടക കരാർ പരിശോധിച്ചതിൽ വ്യക്തികൾ പഞ്ചായത്ത് പരിധിയിൽ താമസിച്ച് കെട്ടിടങ്ങൾ വാടകക്ക് നൽകി വരുമാനം ആർജ്ജിക്കുന്നുണ്ടെന്ന് കാണുന്നു. മേൽ വ്യക്തികൾക്ക് നോട്ടീസ് നൽകി റിട്ടേൺ വാങ്ങി തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി മുതൽ 205 എഫ് വരെയുള്ള നടപടിക്രമങ്ങൾ പാലിച്ച് തൊഴിലുടമകൾ, കെട്ടിട ഉടമകൾ, ആഫീസ് മേധാവികൾ എന്നിവരോട് വിവരങ്ങളും രേഖകളും ആവശ്യപ്പെടുന്നതിലുണ്ടായ വീഴ്ചയാണ് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളുടെ പരിധിയിൽ വരുന്ന മുഴുവൻ വ്യക്തികളിൽ നിന്നും തൊഴിൽ ഈടാക്കുന്നതിൽ സ്ഥാപനത്തിന് വീഴ്ചയുണ്ടായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി മുതൽ 205 എഫ് വരെയും സെക്ഷൻ 204 – (1) പ്രകാരവുമുള്ള നടപടിക്രമങ്ങൾ ഉറപ്പ് വരുത്തി ഡിമാന്റ് പൂർണ്ണമാക്കേണ്ടതാണ്.

## 2-4 ബിൽഡിംഗ് പെർമിറ്റ്- പൊതു അപാകതകൾ

സംസ്ഥാന പാത കടന്ന് പോകുന്നതും, നിലം/നഞ്ച തരത്തിൽ ഉൾപ്പെടുന്ന ഭൂമി കൂടുതലായും കാണപ്പെടുന്ന നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ 2017-18 വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ്, കംപ്ലീഷൻ, ക്രമവത്കരണം, പെർമിറ്റ് പുതുക്കൽ, ഭൂവികസനം എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ, ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. ലഭ്യമായ അപേക്ഷകളിൽ 55%വും ക്രമവത്കരണത്തിന് അപേക്ഷിച്ചവ

2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങളുമായി ബന്ധപ്പെട്ട് 2017-18 വർഷത്തിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശം പട്ടികയിൽ ചേർക്കുന്നു.

| ഇനം | ലഭിച്ച അപേക്ഷകൾ | അനുവദിച്ചത് | നിരസിച്ചത് | തീർപ്പാകാതെ അവശേഷിക്കുന്നത് |
|---|---|---|---|---|
| പെർമിറ്റ്/ കംപ്ലീഷൻ | 283 | 268 | 1 | 14 |
| ക്രമ വത്കരണം | 398 | 375 | 5 | 18 |
| പെർമിറ്റ് പുതുക്കുന്നതിനുള്ള അപേക്ഷകൾ | 35 | 35 | 0 | 0 |
| ആകെ | 716 | 678 | 6 | 32 |

2017-18 ൽ ആകെ ലഭിച്ച 716 അപേക്ഷകളിൽ 398 എണ്ണവും ക്രമവത്കരണത്തിനുള്ളതാണ്. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ, ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത കെട്ടിട നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ടപ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് വ്യക്തമായി പരാമർശിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി എന്നാണ് ഈ ഇനത്തിൽ ലഭ്യമാവുന്ന അപേക്ഷകളുടെ എണ്ണം സൂചിപ്പിക്കുന്നത്. ചട്ടം 137 (3) പ്രകാരം ക്രമവത്കരണത്തിന് രജിസ്റ്റർ തയ്യാറാക്കി പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പ്രത്യേകം നിരീക്ഷിച്ചിട്ടില്ല. ക്രമവത്കരണത്തിനുള്ള 5 അപേക്ഷകൾ സ്ഥാപനം നിരസിച്ചിട്ടുണ്ട്. എന്നാൽ മേൽ അപേക്ഷകളിന്മേൽ ചട്ടം 137, 138 എന്നിവ പ്രകാരമുള്ള തുടർ നടപടികളൊന്നും സ്ഥാപനം കൈക്കൊണ്ടിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കുന്നതിലുണ്ടായ വീഴ്ചമൂലമുണ്ടായ അപാകതകൾ ഖണ്ഡിക 26, ഖണ്ഡിക 27 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷാ രജിസ്റ്ററിലെ മുഴുവൻ കോളങ്ങളിലും രേഖപ്പെടുത്തൽ വരുത്തുന്നതിൽ വീഴ്ച വരുത്തി. പ്രത്യേകിച്ച് നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച കോളങ്ങൾ. ഇത് മൂലം കെട്ടിടങ്ങളുടെ നിർമ്മാണ പൂർത്തീകരണം നിരീക്ഷിച്ച് നികുതി കണക്കാക്കുന്നതിനോ, കാലപരിധി പിന്നിട്ട പെർമിറ്റുകൾ നിരീക്ഷിക്കുന്നതിനോ സ്ഥാപനത്തിന് സാധിച്ചില്ല.

2. സ്ഥല പരിശോധനാ സമയത്ത് ,ഗ്രാമപഞ്ചായത്ത് കാര്യാലയം സ്ഥിതി ചെയ്യുന്ന വാർഡിൽ , വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളോട് ചേർന്ന്, പാർക്കിംഗ് ഏരിയ, പാസേജ് എന്നിവ പ്രസ്തുത ആവശ്യങ്ങൾക്ക് ഉപയോഗിക്കാതെ അനധികൃതമായി നിർമ്മാണം നടത്തി ഉപയോഗിക്കുന്നതായി കാണുന്നു. വ്യാപകമായ തോതിൽ ഇത്തരത്തിലുള്ള ചട്ടലംഘനം പ്രകടമാണ്. എന്നാൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് ചുമതലപ്പെട്ട ജീവനക്കാർ 2017-18 ൽ കേവലം 3 കേസുകൾ മാത്രമെ ഇത്തരത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണ നിയന്ത്രണത്തിൽ സ്ഥാപനത്തിന്റെ ഇടപെടലിന് (3 കേസുകൾ മാത്രം) ഫീൽഡ് തല പരിശോധനാ റിപ്പോർട്ടുകളേക്കാൾ, പൊതുജന പരാതികളാണ് അടിസ്ഥാനമായത്.

3. കെട്ടിട നിർമ്മാണ ചട്ടങ്ങൾ, നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം തുടങ്ങി നിയമപരമായും സാങ്കേതിക പരമായും ഏറെ സങ്കീർണ്ണതകൾ നിലനിൽക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകളുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള സങ്കേതം സോഫ്റ്റ്‌വെയർ ഉപയോക്തൃ സൗഹൃദമല്ല. സ്കെച്ചുകൾ സ്കാൻ ചെയ്താണ് ആപ്ലിക്കേഷനിൽ അപ്‌ലോഡ് ചെയ്യുന്നത്.വലിയ അളവിലുള്ള ഡാറ്റ ശേഖരിച്ച് സൂക്ഷിക്കുന്നതിന്

ബാധ്യതപെടുന്നതിനാൽ ആപ്ലിക്കേഷന്റെ പ്രവർത്തനം മന്ദഗതിയിലാകുന്നു. അപേക്ഷകൾ ചട്ടങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നത് ആപ്ലിക്കേഷനിൽ പ്രാഥമിക പരിശോധനക്ക് വിധേയമാക്കപ്പെടുന്നില്ല.സ്കെച്ചുകൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ തയ്യാറാക്കുന്നതിന് സാധിക്കുന്നില്ല. സ്കാൻ ചെയ്ത വിവരങ്ങളാണ് അപ്‌ലോഡ് ചെയ്യുന്നതെന്നതിനാൽ ഡാറ്റയുടെ മേൽ അനാലിസിസിനുള്ള സാദ്ധ്യതയും തടയപ്പെടുന്നു. സോഫ്റ്റ്‌വെയർ മുഖേന ലഭ്യമാകുന്ന റിപ്പോർട്ടുകൾ സമ്പൂർണ്ണമല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട ഭേദഗതി ഉത്തരവുകൾക്ക് അനുസൃതമായി സോഫ്റ്റ്‌വെയറുകൾ കാലികമാക്കുന്നതിൽ ഐ.കെ.എം വീഴ്ച വരുത്തിയിട്ടുണ്ട്. മേൽ പരാമർശിച്ച പരിമിതികൾ കാരണം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സങ്കേതം സോഫ്റ്റ്‌വെയർ ഒഴിവാക്കി IBPMS പോലുള്ള സോഫ്റ്റ്‌വെയറിലേക്ക് മാറിയിട്ടുണ്ട്.

മേൽ പരാമർശിച്ച അപാകതകൾ സ്ഥാപനതലത്തിൽ പരിശോധിക്കേണ്ടതും , താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ഉചിതമായ പരിഹാര നടപടികൾ സ്വീകരിച്ച് , സെക്രട്ടറി ഓഡിറ്റിന് റിപ്പോർട്ട് ചെയ്ത് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

1. പെർമിറ്റില്ലാതെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് ഫീൽഡ് ക്ലർക്കുമാർക്ക് നിർദ്ദേശം നൽകേണ്ടതും ,കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ പരിപാലനം ഉറപ്പ് വരുത്തേണ്ടതുമാണ്.അനധികൃത നിർമ്മാണങ്ങൾ ചട്ട പ്രകാരം ക്രമപെടുത്തി നൽകുകയോ , പൊളിച്ച് മാറ്റുകയോ ചെയ്യേണ്ടതാണ്.

2. അപേക്ഷ രജിസ്റ്റർ പൂർണ്ണമായ രീതിയിൽ പരിപാലിക്കേണ്ടതാണ്. മുഴുവൻ കോളങ്ങളിലും രേഖപ്പെടുത്തൽ വരുത്തി, പെർമിറ്റുകൾ കെട്ടിട നിർമ്മാണ പൂർത്തീകരണം വരെ നിരീക്ഷിക്കേണ്ടതാണ്. കാല പരിധി പിന്നിട്ട പെർമിറ്റുകളുടെ തത്സ്ഥിതി പരിശോധിക്കുന്നതിന് ഫീൽഡ് ക്ലർക്കുമാരെ ചുമതലപ്പെടുത്തേണ്ടതാണ്.

3. സങ്കേതം സോഫ്റ്റ്‌വെയറിന്റെ പരിമിതികൾ പരിശോധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്. IBPMS പോലുള്ള ബദൽ സോഫ്റ്റ്‌വെയറുകളുടെ സാധ്യത പരിശോധിക്കേണ്ടതാണ്.

## 2-5 പഞ്ചായത്ത് കാര്യായത്തിന് സമീപം അനധികൃത നിർമ്മാണം- നടപടികൾ കൈകൊള്ളുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്ത് കാര്യാലയത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്നതും നഫീസ , സലീഖ മൻസിൽ, കാവിൽ.പി.ഒ, നടുവണ്ണൂർ എന്നവരുടെ ഉടമസ്ഥതയിലുള്ളതുമായ കെട്ടിടം പഞ്ചായത്ത് രേഖകൾ പ്രകാരം (അസസ്മെന്റ് രജ്സ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പ്രകാരം) 2 നിലയിൽ 540.95 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടമാണ്. കെട്ടിടത്തിലെ 2 മുറികൾ ( 10/418 G, 418 H ) ഷട്ടർ പൊളിച്ച് മാറ്റി പാർക്കിംഗ് ഏരിയ ആയി പരിവർത്തനം ചെയ്യണം എന്ന നിബന്ധനയോടെയാണ് 2014-15 രണ്ടാം അർദ്ധ വർഷത്തിൽ നമ്പർ അനുവദിച്ചിട്ടുള്ളത്. എന്നാൽ ഉടമയുടെ 10.02.2017 ലെ 675/17 നമ്പറായുള്ള അപേക്ഷ പ്രകാരം 10/418 G, 418 H എന്നിവക്ക് നികുതി ചുമത്തണമെന്നും പകരം 10/418 E, 418 F എന്നീ മുറികൾ പാർക്കിംഗ് ഏരിയ ആയി പരിവർത്തനം ചെയ്യുന്നതിന് അനുമതി നൽകണമെന്നും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ അപേക്ഷയിൽ തുടർ നടപടികളൊന്നും സ്വീകരിച്ചതായി കണ്ടില്ല. അതേ സമയം സഞ്ചയയിൽ 10/418 E, 418 F , 10/418 G, 418 H നമ്പർ കെട്ടിടങ്ങൾ പൊളിച്ച് മാറ്റിയതായി രേഖപ്പെടുത്തി നികുതി ഒഴിവാക്കിയതായും കണ്ടു. മേൽ സാഹചര്യത്തിൽ സെക്രട്ടറി ചുമതലപ്പെടുത്തിയ ഓവർസിയറുടെ നേതൃത്വത്തിൽ സ്ഥല പരിശോധന നടത്തിയതിൽ 10/418 E, 418 F , 10/418 G, 418 H നമ്പർ കെട്ടിടങ്ങൾ പാർക്കിംഗ് ഏരിയ ആയി പരിവർത്തനം ചെയ്തിട്ടില്ലെന്നും തറ നിരപ്പിൽ നിന്നും ഉയർന്ന തറയോട് കൂടിയുള്ളതും ഷട്ടർ ഇട്ട് അടച്ചിട്ടുള്ളതുമായ ടി മുറികൾ പാർക്കിംഗിന് യോഗ്യമല്ലെന്നും പരിശോധനയിൽ വ്യക്തമായി. ടി മുറികളിൽ ഒന്ന് ദന്താശുപത്രിയിലെ ഡോക്ടറുടെ കൺസൾട്ടിംഗ് റൂമായി ഉപയോഗപ്പെടുത്തുന്നതായും കണ്ടു. മേൽ മുറികളുടെ ആകെ വാർഷിക നികുതി ഇനത്തിൽ 3310 രൂപ ക്രമപ്രകാരമല്ലാതെ ഒഴിവാക്കി നൽകിയതായും കാണുന്നു. കെട്ടിടത്തിന്റെ രണ്ടാം നിലക്ക് മുകളിലായി അനുമതിയില്ലാതെ നിർമ്മാണം നടത്തിയതായും ഓഡിറ്റ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. അനധികൃതമായി നിർമ്മാണം നടത്തിയ ഭാഗത്ത് ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനില്ലാതെ ഒരു പാരലൽ കോളേജ് പ്രവർത്തിക്കുന്നതായും സ്ഥല പരിശോധനയിൽ വ്യക്തമായി. ഫലത്തിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം, നികുതി, പാർക്കിംഗ്, തറവിസ്തീർണ്ണനുപാതം, ഉയരം, സാനിറ്റേഷൻ എന്നിവയിൽ മാറ്റം വന്നതായി കാണാം. ഗ്രാമപഞ്ചായത്തിന്റെ കൺമുൻപിൽ നടന്ന അനധികൃത നിർമ്മാണം കണ്ടെത്തി തടയുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ലെന്ന വസ്തുത വിരൽ ചൂണ്ടുന്നത് ഫീൽഡ് തലത്തിലുള്ള പരിശോധനകൾ കാര്യക്ഷമമല്ലെന്ന യാഥാർത്ഥ്യത്തിലേക്കാണ്. 10.02.2017 ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി ഒഴിവാക്കി നൽകുമ്പോഴും മേൽ പരാമർശിച്ച അപാകതകൾ പരിശോധിക്കപ്പെട്ടില്ലെന്നത് വീഴ്ചയുടെ ഗൗരവം വർദ്ധിപ്പിക്കുന്നു.

അനധികൃത നിർമ്മാണങ്ങൾ, കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനങ്ങൾ എന്നിവ യഥാ സമയം തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിനുതകുന്ന രീതിയിൽ ഫീൽഡ് തല ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ച് നൽകുന്നുണ്ടെങ്കിലും മേൽ ചുമതലകൾ നിറവേറ്റപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിൽ സെക്രട്ടറി , വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ വീഴ്ച വരുത്തിയതാണ് മേൽ പരാമർശിച്ച തരം അപാകതകൾക്ക് കാരണമാകുന്നത്. താഴെ പറയുന്ന പരിഹാര നടപടികൾ കൈക്കൊണ്ട് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

- കെട്ടിടത്തിൽ അനധികൃതമായി നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ പൊളിച്ച് മാറ്റുന്നതിന് ഉടമക്ക് നോട്ടീസ് നൽകേണ്ടതാണ്. 2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35,36,38,104 എന്നിവ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി കെട്ടിടത്തിന്റെ ഘടന/അളവുകൾ പുനപരിശോധിക്കേണ്ടതാണ്.
- പഞ്ചായത്ത് പരിധിയിൽ സമാന രീതിയിൽ അനധികൃത നിർമ്മാണം നടത്തിയ കെട്ടിടങ്ങളും പുനപരിശോധനാ വിധേയമാക്കി നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഫീൽഡ് തല ജീവനക്കാരിൽ നിന്നും അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വീഴ്ച വരുത്തുന്നവർക്കെതിരെ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതും ആയത് റിപ്പോർട്ട് ചെയ്ത് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 2-6 അനധികൃത നിർമ്മാണങ്ങൾ- തുടർ നടപടികളില്ല.

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ കെട്ടിട ക്രമവത്കരണത്തിനായി 398 അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്. പെർമിറ്റില്ലാതെ നടക്കുന്ന നിർമ്മാണങ്ങൾ, ഭൂവികസനം എന്നിവ യഥാസമയം റിപ്പോർട്ട് ചെയ്ത് നടപടികൾ സ്വീകരിക്കുന്നതിലുള്ള വീഴ്ചയാണ് ഇത്തരത്തിലുള്ള അപേക്ഷകളുടെ ബാഹുല്യത്തിന് കാരണമാകുന്നത്. നിർമ്മാണത്തിന് ശേഷം കണ്ടെത്തുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം പരിഹരിക്കുന്നതിനുള്ള നടപടികൾ സങ്കീർണ്ണമാണെന്നതിനാൽ പെർമിറ്റില്ലാതെ നടത്തുന്ന ഇത്തരം നിർമ്മാണങ്ങൾ കർശനമായി തടയുന്നത് സ്ഥാപനത്തെ സംബന്ധിച്ച് ഗുണകരമാവും. 2017-18 ൽ ലഭിച്ച 398 ക്രമവത്കരണ അപേക്ഷകളിൽ 5 അപേക്ഷകൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുണ്ട്. എന്നാൽ അനധികൃത കെട്ടിടങ്ങളായി പരിഗണിച്ച് 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 137, 138 എന്നിവ പ്രകാരം തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

23.05.2017 ലെ എ3- 3895/17 നമ്പറായുള്ള പ്രസിഡണ്ട്, മസ്ജിദുൽ ഹുദ, തോട്ടുമൂല എന്നവരുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ക്രമവത്കരണത്തിനുള്ള അപേക്ഷ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നില്ലെന്ന കാരണം ചൂണ്ടിക്കാട്ടി 02.08.17 ന് നിരസിച്ചെങ്കിലും 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 137, 138 എന്നിവ പ്രകാരം തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. പഞ്ചായത്തിനെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ അതിരളവുകൾ, റോഡുകൾ, കെട്ടിടത്തിന്റെ വ്യാപ്തി, എന്നിവ രേഖപ്പെടുത്തി പ്ലാൻ തയ്യാറാക്കി സമർപ്പിച്ച എൽ.ബി.എസ് ന് എതിരെ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 144 പ്രകാരം നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. അപേക്ഷകൻ സമർപ്പിച്ച അപേക്ഷയിൽ 8/67,8/68,8/69 കെട്ടിട നമ്പറുകൾ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണമായി പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളത് 137.75 ച.മി. ആണ്. എന്നാൽ സഞ്ചയ പ്രകാരം മേൽ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 43.1 ച.മീ മാത്രമാണ്. പൊരുത്തക്കേടിന് സ്ഥാപനം പരിശോധനാ വിധേയമാക്കിയിട്ടില്ല. 2017-18 വർഷത്തിൽ മേൽ കെട്ടിടം അനധികൃത കെട്ടിടങ്ങളെ സംബന്ധിക്കുന്ന രജിസ്റ്ററിലേക്ക് മാറ്റുകയോ , ആയതിന് ബാധകമായ നിരക്കിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

2017-18 ൽ ലഭിച്ച 398 ക്രമവത്കരണ അപേക്ഷകളിൽ 5 അപേക്ഷകൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അനധികൃത കെട്ടിടങ്ങൾക്കെതിരെ 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 235 ഡബ്ലിയു, 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 137, 138 എന്നിവ പ്രകാരം തുടർ നടപടികൾ കൈക്കൊണ്ട് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിനെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പ്ലാൻ തയ്യാറാക്കി സമർപ്പിച്ച ബിൽഡിംഗ് സൂപ്പർവൈസർക്കെതിരെ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 144 പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് ഉപയോഗിച്ച് ആരാധനാലയം നിർമ്മിച്ചു.

എ.പി. അബൂബക്കർ മുസല്യാർ, പ്രസിഡണ്ട്, ജാമിഅ മർക്കസ് സഖാഫത്തി സുന്നിയ്യ എന്നവർക്ക് 16.06.2016 തീയതിയിൽ ബി.എൽ/4648/16 നമ്പറായി 983.14 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള രണ്ട് നില കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു. 08.02.17 തീയതിയിൽ മേൽ കെട്ടിട നിർമ്മാണം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് ലഭിച്ച പരാതിയിന്മേൽ പരിശോധന നടത്തിയ സെക്രട്ടറി, ക്ലർക്ക് എന്നിവർ മതാരാധനാലയത്തിന്റെ മാതൃകയിലാണ് കെട്ടിട നിർമ്മാണം എന്ന് കണ്ടെത്തിയിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധനാ റിപ്പോർട്ടിലും പെർമിറ്റിൽ നിന്നും വ്യതിചലിച്ചാണ് നിർമ്മാണമെന്ന് വ്യക്തമാക്കിയിരുന്നു. ഇതേ തുടർന്ന് 20.05.2017 തീയതിയിൽ എ3-4648/16 നമ്പറായി നൽകിയ കാരണം കാണിക്കൽ നോട്ടീസിനുള്ള 01.06.2017 ലെ പെർമിറ്റ് പ്രകാരമാണ് നിർമ്മാണമെന്ന മറുപടി പരിഗണിച്ച് , സെക്രട്ടറി നിർമ്മാണ പുനരനുമതി നൽകുകയാണുണ്ടായത്. എന്നാൽ 27.11.2017 ന് സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം പെർമിറ്റിൽ നിന്നും വ്യത്യസ്തമായ പ്ലാനാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. തറനിലയിലെ വിസ്തീർണ്ണം, ഘടന, കെട്ടിടത്തിന്റെ ഉയരം എന്നിവ പെർമിറ്റിൽ നിന്നും വ്യത്യസ്തമായാണ് പൂർത്തീകരിച്ചിട്ടുള്ളത്. ആയത് പരിഗണിക്കാതെ കെട്ടിടം വാണിജ്യാവശ്യത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തില്ലെന്ന് അപേക്ഷകനിൽ നിന്നും മുദ്ര പേപ്പറിൽ സത്യവാങ്മൂലം വാങ്ങി നമ്പർ അനുവദിക്കുകയാണ് ഉണ്ടായിട്ടുള്ളത്. തുടർന്ന് 2018-19 ൽ കെട്ടിടം മുസ്ലീം പള്ളിയായി ഉപയോഗപ്പെടുത്തുന്നതിന് കളക്ടറിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ എ.പി. അബൂബക്കർ മുസല്യാർ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സെക്രട്ടറി ചുമതലപ്പെടുത്തിയ ഓവർസിയർ സ്ഥല പരിശോധന നടത്തിയതിൽ പ്രസ്തുത കെട്ടിടം മതപരമായ ആരാധനക്കുള്ള സമ്മേളന സ്ഥലമായി ഉപയോഗിക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 5(8,എ) ,7(8 എ) എന്നിവ പ്രകാരം മതപരമായ ആവശ്യങ്ങൾക്കോ അല്ലെങ്കിൽ ആരാധനയ്ക്ക് വേണ്ടിയോ പുതിയ കെട്ടിടം നിർമ്മിക്കുക, അല്ലെങ്കിൽ നിലവിലുള്ള കെട്ടിടം പുനർനിർമ്മിക്കുക അല്ലെങ്കിൽ വ്യതിയാനം വരുത്തുക, കൂട്ടിച്ചേർക്കുക തുടങ്ങിയ സംഗതികളിൽ ജില്ലാകളക്ടറുടെ മുൻകൂർ അനുമതി / അംഗീകാരം /സമ്മതം എന്നിവ വാങ്ങേണ്ടതാണ്. എന്നാൽ അത്തരം അനുമതികൾ വാങ്ങാതെയാണ് ആരാധനാലയം പ്രവർത്തിക്കുന്നത്.

മേൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്.

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് 08.02.17 ന് അയച്ച പരാതിയിൽ, പേര് വെളിപ്പെടുത്താത്ത പരാതിക്കാരൻ പെർമിറ്റ് ഉടമ ആരാധനാലയമാണ് പണിയുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത വിവരം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും നടപടികളുണ്ടായിട്ടില്ലെന്നും പരാമർശിച്ചിട്ടുണ്ട്. പെർമിറ്റ് അനുവദിച്ചതിൽ നിന്നും വ്യത്യസ്തമായ അളവിലും ഘടനയിലും ആണ് നിർമ്മാണം നടന്നിട്ടുള്ളത്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 19 പ്രകാരം അംഗീകരിച്ച പ്ലാനുകൾക്കും നിർമ്മാണ വിവരണങ്ങൾക്കും അനുസൃതമല്ലാത്ത നിർമ്മാണം സെക്രട്ടറിയുടെ ശ്രദ്ധയിൽ പെട്ടാൽ നോട്ടീസ് നൽകി ഉടമയിൽ നിന്നും വിശദീകരണം തേടേണ്ടതും, അംഗീകൃത പ്ലാനിൽ നിന്നും വ്യതിയാനം വരുത്തികൊണ്ട് നിർമ്മാണം നടത്താനുദ്ദേശിക്കുന്നുവെങ്കിൽ പരിഷ്കരിച്ച പ്ലാനുകളും ഡ്രോയിംഗുകളും ലഭ്യമാക്കി പരിഷ്കരിച്ച പെർമിറ്റ് അനുവദിക്കേണ്ടതാണ്. എന്നാൽ സ്ഥല പരിശോധന നടത്തിയ സാങ്കേതിക വൈദഗ്ധ്യമുള്ള അസിസ്റ്റന്റ് എഞ്ചിനീയർക്ക് കെട്ടിടം വാണിജ്യാവശ്യത്തിനല്ല നിർമ്മിക്കുന്നതെന്ന് തിരിച്ചറിയാൻ സാധിച്ചില്ല. പെർമിറ്റിൽ നിന്നും വ്യതിചലിച്ചുള്ള നിർമ്മാണം നിർത്തിവെയ്ക്കുന്നതിനോ വ്യതിയാന പ്ലാൻ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതിനോ പഞ്ചായത്ത് തയ്യാറായില്ല. പകരം മുദ്രപത്രത്തിൽ സത്യവാങ്മൂലം വാങ്ങി കെട്ടിടത്തിന് നമ്പർ ആനുവദിക്കുകയാണുണ്ടായത്. മേൽ മുദ്രപത്രത്തിന്റെ നിയമസാധുതയും സത്യവാങ്മൂലം ലംഘിച്ചതിന് കെട്ടിട ഉടമക്കെതിരെ സ്വീകരിച്ച നിയമനടപടികളും വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. പ്ലാൻ തയ്യാറാക്കി സമർപ്പിച്ച ബിൽഡിംഗ് സൂപ്പർവൈസർ മിഥുൻനാഥ്.എൽ.എസ് ,ആലേച്ചിയിൽ, നടുവണ്ണൂർ, കെട്ടിട ഉടമ എന്നിവർ വാണിജ്യാവശ്യത്തിനുള്ള പെർമിറ്റിന്റെ മറവിൽ ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി വാങ്ങാതെ ആരാധനാലയം നിർമ്മിക്കുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ച് നിർമ്മാണം നടത്തിയ കെട്ടിട ഉടമക്കെതിരെ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 150 പ്രകാരം നിയമ നടപടി സ്വീകരിച്ചില്ല. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 144 പ്രകാരമുള്ള ഉത്തരവാദിത്തം നിർവ്വഹിക്കാത്തതിന് ബിൽഡിംഗ് സൂപ്പർവൈസർക്കെതിരെയും നടപടികൾ സ്വീകരിച്ചിട്ടില്ല.

3. കെട്ടിടം ആരാധനാലയമായി ഉപയോഗിക്കുന്നതിനുള്ള ഉടമയുടെ അപേക്ഷ ജില്ലാകളക്ടർക്ക് അനുമതിക്കായി

കൈമാറും മുൻപ് കെട്ടിടം സമ്മേളന വിനിയോഗ കെട്ടിടങ്ങൾക്കുള്ള ചട്ടങ്ങൾ പാലിക്കുന്നുണ്ടോ എന്നത് പരിശോധിച്ചിട്ടില്ല.

വാണിജ്യാവശ്യത്തിനുള്ള പെർമിറ്റിന്റെ മറവിൽ ഗ്രാമപഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ച് , ചട്ടപ്രകാരമുള്ള മുൻകൂർ അനുമതികൾ നേടാതെ ആരാധനാലയം നിർമ്മിച്ച് ആയത് ക്രമവത്കരിക്കുന്നതിനുള്ള ശ്രമമാണ് നടന്നിട്ടുള്ളത്. ഇക്കാര്യം ജില്ലാ കളക്ടറെ ബോധിപ്പിക്കേണ്ടതും കെട്ടിട ഉടമ, ബിൽഡിംഗ് സൂപ്പർവൈസർ എന്നിവർക്കെതിരെ ഉചിതമായ നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-8 കെട്ടിട നിർമ്മാണ നിയന്ത്രണം- ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമല്ല.

കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളുടെ നിർവ്വഹണം ഉറപ്പാക്കുന്ന തരത്തിൽ സ്ഥാപനത്തിൽ കാര്യക്ഷമമായ ആഭ്യന്തര സംവിധാനം പ്രവർത്തിക്കുന്നില്ല. ഇത്തരത്തിലുള്ള ഒരു സംവിധാനത്തിന്റെ അപര്യാപ്തതയാണ് ഖണ്ഡിക 2-5 മുതൽ 2-7 വരെയുള്ള അപാകതകൾക്ക് കാരണമായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഫീൽഡ് തല റിപ്പോർട്ടിംഗ്

ഗ്രാമപഞ്ചായത്തിലെ പരാതി രജിസ്റ്റർ പരിശോധിച്ചതിൽ അനധികൃത നിർമ്മാണങ്ങളെ കുറിച്ച് പൊതുജനങ്ങളിൽ നിന്നും നിരവധി പരാതികൾ സ്ഥാപനത്തിന് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാകുന്നു. എന്നാൽ ഇത്തരം നിർമ്മാണങ്ങൾ ഫീൽഡ് തലത്തിൽ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്ന ജീവനക്കാർ ചുമതലാ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായി കാണുന്നു. ഗ്രാമപഞ്ചായത്തിനോട് ചേർന്നുള്ള കെട്ടിടങ്ങളിൽ നടന്ന അനധികൃത നിർമ്മാണങ്ങൾ പോലും ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടില്ല എന്നത് വീഴ്ചയുടെ വ്യാപ്തി വ്യക്തമാക്കുന്നു.

2. പെർമിറ്റുകളുടെ നിരീക്ഷണം

കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിന് സ്ഥാപനം സങ്കേതം സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും രജിസ്റ്ററടക്കമുള്ള റിപ്പോർട്ടുകൾ സമഗ്രമല്ലാത്തതിനാൽ ബിൽഡിംഗ് അപേക്ഷാ രജിസ്റ്റർ മാന്വലായി പരിപാലിക്കുകയാണ് ചെയ്യുന്നത്. എന്നാൽ രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ മൂലം പെർമിറ്റുകൾ നിരീക്ഷിക്കുന്നതിന് സ്ഥാപനത്തിന് സാധിക്കുന്നില്ല.

ഉദാഹരണം- 11.03.2015 തീയതിയിൽ ബി.എൽ.5308/14 നമ്പറായി ശ്രീ.അബ്ദുറഹിമാൻ, വടക്കെ കണിയാൻ കണ്ടി, കാവിൽ പി.ഒ എന്നവർക്ക് അനുവദിച്ചിട്ടുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടനിർമ്മാണ പെർമിറ്റ് കാലാവധി 10.03.2018 ന് അവസാനിച്ചിട്ടുണ്ട്. (ആകെ വിസ്തീർണ്ണം- 1270.3, തറനില- 706.6) എന്നാൽ പെർമിറ്റ് കാലാവധി പുതുക്കുകയോ, ഉടമ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഓവർസിയറുടെ നേതൃത്വത്തിൽ സ്ഥല പരിശോധന നടത്തിയതിൽ കെട്ടിടത്തിന്റെ തറനില നിർമ്മാണം പൂർത്തീകരിച്ചതായും തുടർ നിർമ്മാണം നടക്കുന്നില്ലെന്നും ബോദ്ധ്യപ്പെട്ടു.

3. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

കെട്ടിട നിർമ്മാണങ്ങളുടെ നിയന്ത്രണ ചുമതലയുള്ള വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മേൽ വിഷയം ഏതെങ്കിലും യോഗത്തിൽ അജണ്ടയിലുൾപ്പെടുത്തി ചർച്ച ചെയ്യുകയോ, സ്ഥാപനത്തിൽ നിലവിലുള്ള കെട്ടിട നിർമ്മാണ നിയന്ത്രണ സംവിധാനങ്ങളുടെ കാര്യക്ഷമത പരിശോധിക്കുകയോ ചെയ്തിട്ടില്ല.

ഫീൽഡ് തല പരിശോധന ഉറപ്പ് വരുത്തേണ്ടതും കെട്ടിട നിർമ്മാണ നിയന്ത്രണ ചുമതല നിർവ്വഹിക്കുന്നതിനായി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കാര്യക്ഷമമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

## 2-9 വസ്തു നികുതി- അപാകതകൾ

വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, സഞ്ചയ റിപ്പോർട്ടുകൾ. അസസ്മെന്റ് രജിസ്റ്റർ വസ്തുനികുതി നിർണ്ണയ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ടെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി - വർദ്ധനവ് പരിമിതപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ ഓഫീസ് ആവശ്യത്തിന്റെ ഉപയോഗ ക്രമത്തിൽ വരുന്ന കെട്ടിടങ്ങളുടെ നികുതി

പരിഷ്കരിച്ചതിൽ വസ്തുനികുതിയിലുണ്ടാകുന്ന വർദ്ധനവ് ചട്ട വിരുദ്ധമായി 150 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.27.04.2015 ലെ സ.ഉ(എം.എസ്) നം.144/15/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്കരണത്തിന്മേലുള്ള ഭേദഗതി ഉത്തരവ് പ്രകാരം വാണിജ്യ, വ്യവസായ വിഭാഗങ്ങളിലുൾപ്പെട്ട നിലവിലുള്ള കെട്ടിടങ്ങളുടെ നികുതിയിലുണ്ടാകുന്ന വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്താവുന്നതാണ്. നിലവിലുള്ള ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് പരിമിതപ്പെടുത്തേണ്ടതില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 'ഓഫീസ് ആവശ്യം' എന്ന ഉപയോഗ ഗണത്തിലുൾപ്പെട്ട 27 കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 150 ശതമാനമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്താത്തതിനാലാണ് ഓഫീസ് ആവശ്യം എന്ന് ഉപയോഗക്രമം രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതിയിലെ വർദ്ധനവ് 150 ശതമാനത്തിൽ പരിമിതപ്പെടുത്തപ്പെട്ടിട്ടുള്ളത്. മേൽ ഉത്തരവിന് വിരുദ്ധമായി അനർഹമായ ഇളവുകൾ നൽകി വസ്തുനികുതി പുനർനിർണ്ണയിച്ചതിലൂടെ 2013-14 മുതൽ ഒരോ വർഷവും ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്.

ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ് / കെട്ടിട നം, കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച. മീറ്ററിൽ) | പരിഷ്കരണത്തിന് മുമ്പുള്ള വസ്തു നികുതി. | വസ്തു നികുതി പരിഷ്കരണത്തിൽ വർദ്ധനവ് പരിമിതപ്പെടുത്തിയതിന് ശേഷമുള്ള നികുതി | ബാധകമായ നികുതി നിരക്ക്. | ഈടാക്കേണ്ടിയിരുന്ന വസ്തുനികുതി. | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 05/102<br>സെക്രട്ടറി,<br>കൊയിലാണ്ടി താലൂക്ക് അഗ്രി-കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | 60 | 284 | 710*<br>(വർദ്ധനവ് 150 % പരിമിതപ്പെടുത്തി) | 40/ ച.മീ. | 60x40=2400+480(20% വർദ്ധനവ്)-240(10 % ഇളവ് )= 2640 | 1930 |

ഇപ്രകാരം നികുതി പരിമിതപ്പെടുത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകത ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തേണ്ടതുമാണ്.

<u>വസ്തു നികുതി പ്രാബല്യ തീയതി കണക്കാക്കിയതിൽ അപാകത.</u>

സുസ്മിത്. ചെറുകര, കരുവണ്ണൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള സംഭരണ വിനിയോഗ ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടം ക്രമവത്കരിക്കുന്നതിനായി സമർപ്പിച്ച 18.04.2017 ലെ എ3-2482/17 നമ്പർ അപേക്ഷയിൽ 52200 രൂപ വാർഷിക വസ്തുനികുതിയും 2610 ഗ്രന്ഥശാലാവരിയും നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 01.04.2017 തീയതി പ്രാബല്യത്തിൽ ഈടാക്കേണ്ട വസ്തുനികുതി 01.10.2017 തീയതി പ്രാബല്യത്തിലാണ് ഈടാക്കിയിട്ടുള്ളത്. അഗ്നിസുരക്ഷാ വകുപ്പിൽ നിന്നുള്ള സമ്മത പത്രം ഹാജരാക്കുന്നതിലുള്ള കാലതാമസം മൂലമാണ് അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടായത്. എന്നാൽ ക്രമവത്കരണത്തിനുള്ള അപേക്ഷയിൽ പൂർത്തീകരണ തീയതി പ്രാബല്യത്തിൽ നികുതി ഈടാക്കുന്നതിന് പകരം ഫയൽ തീർപ്പാക്കിയ തീയതി പ്രാബല്യത്തിൽ വസ്തു നികുതി നിർണ്ണയിച്ചത് മൂലം സ്ഥാപനത്തിന് ഒരു അർദ്ധ വർഷത്തെ വസ്തുനികുതിയായ 26100 രൂപയും ഗ്രന്ഥശാലാ വരി ഇനത്തിൽ 1305 രൂപയും നഷ്ടമുണ്ടായിട്ടുണ്ട്. 27405 രൂപ നഷ്ടത്തിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കുകയോ, വസ്തു നികുതി പ്രാബല്യ തീയതി പുനർനിർണ്ണയിച്ച് ഉടമയിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുമരാമത്ത് പദ്ധതി നടത്തിപ്പിലെ അപാകതകൾ-

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1-പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ ഗതാഗത മേഖലയ്ക്കുള്ള നിർദ്ദേശങ്ങളിൽ ആദ്യത്തേത് ഒരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണമെന്നാണ്. 2017-18 പദ്ധതി രൂപീകരണം സംബന്ധിച്ച 16-3-17ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പിലും പഞ്ചായത്ത് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ഗതാഗത സൗകര്യം ഒരുക്കുക എന്നത് ദീർഘകാല പരിപ്രേക്ഷ്യമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയല്ല തൻവർഷം പൊതുമരാമത്ത് പ്രവൃത്തികളിൽ റോഡ് നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

2-റോഡ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ എസ്റ്റിമേറ്റിൽ റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.

ഒരുറോഡിലെ മുഴുവൻ പ്രവൃത്തികൾക്കുമായല്ലാതെ മുൻവർഷങ്ങളിൽ ചെയ്ത പ്രവൃത്തികളുടെ ബാക്കി എന്ന നിലയിലും, ചെറിയ ദൂരത്തേക്കുള്ള റോഡ് പ്രവൃത്തികൾക്കുമായാണ് തൻവർഷം ഭൂരിഭാഗം റോഡ് പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റുകളും തയ്യാറാക്കിയിരിക്കുന്നത് . എന്നാൽ ഒറ്റ എസ്റ്റിമേറ്റിലും റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല. പകരം ഇന്ന റോഡിൽ ഇത്ര മീറ്റർ റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് എന്നിങ്ങനെ മാത്രമാണ് മുഴുവൻ എസ്റ്റിമേറ്റുകളിലും പ്രതിപാദിക്കുന്നത്.

3-സെലക്ഷൻ നോട്ടീസ് അയച്ചതിനുശേഷം കരാർ വെയ്ക്കുന്നതിൽ കാലതാമസം-

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചതിനുശേഷം കൈപ്പറ്റിയ തീയ്യതിമുതൽ 14 ദിവസങ്ങൾക്കകം കരാറുകാരൻ കരാർ വെയ്ക്കേണ്ടതാണ് എന്ന് നോട്ടീസിൽ വ്യക്തമാക്കേണ്ടതും .14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വച്ചില്ലെങ്കിൽ PACയുടെ 1% പിഴ ഇടാക്കി (മിനിമം 1000/- രൂപ മാക്സിമം 25000/- രൂപ) കരാറുവയ്ക്കാം. തൻ വർഷം പൊതുമരാമത്ത് പ്രവൃത്തികൾക്കായി സെലക്ഷൻ നോട്ടീസ് അയച്ചകരാറുകാർ നിശ്ചിത സമയപരിധിക്കകം കരാർവയ്ക്കാതിരുന്നിട്ടും ഇവരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

4- നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തിയാക്കാത്തകരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നില്ല.

ഓഡിറ്റ് വർഷം പണി പൂർത്തീകരിച്ച് ബിൽ നൽകിയ കാഞ്ഞോട് അംഗൺവാടി നിർമ്മാണത്തിനായി കരാറുകാരനായ ടി.സുരേഷുമായി കരാർവെച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് 10-2-2017നാണ് . നിർവ്വഹണ കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് നാലുമാസകാലയളവിലാണ് .പണി പൂർത്തിയാക്കി ഫൈനൽ മെഷർമെന്റ് രേഖപ്പെടുത്തിയിരിക്കുന്നത് 30-12-2017 നാണ്. കീഴനപറമ്പത്ത് വയലാട്ട് താഴെ നങ്ങാര്കണ്ടിറോഡ് പ്രവൃത്തിക്കായി കരാറുകാരനായ ശ്രീ. പ്രകാശൻ. കെ.കെ. യുമായി കരാർ ഏർപ്പെട്ടിരിക്കുന്നത് 18-1-2017 നം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 18-5-2017 നമാണ്. എം ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ മെഷർമെന്റ് രേഖപ്പെടുത്തിയിരിക്കുന്നത് 22-3-2018 നാണ് . കരാർ ഉടമ്പടി പ്രകാരം മുൻകൂട്ടി കാണാൻകഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയില്ലെന്ന് ബോധമുള്ള പക്ഷം പൂർത്തീകരണ കാലാവധിക്കുള്ളിൽ തന്നെ തീയ്യതി ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഒരു തവണ നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ 25% അല്ലെങ്കിൽ ആറുമാസം ഇവയിൽ ഏതാണോ കുറവ് ആ കാലാവധി 1% പിഴ ഈടാക്കികൊണ്ട് അനുവദിച്ചു നൽകാവുന്നതും. തുടർന്നുള്ള കാലാവധി ദീർഘിപ്പിക്കലിന് 2% പിഴ ഈടാക്കാവുന്നതുമാണ്. നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ 50% അധികം ഒരുകാരണ വശാലും ദീർഘിപ്പിച്ചു നൽകാവുന്നതല്ല. എന്നാൽ മേൽ പ്രവൃത്തികളിൽ പ്രവൃത്തി നിശ്ചിതകാലാവധിക്കകം പൂർത്തീകരിക്കാത്തതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

5-വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവൃത്തിക്കുന്നില്ല.

പദ്ധതി രൂപീകരണത്തിനുശേഷം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിലെ കൺവീനറായ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ളള്ള അംഗങ്ങൾ പദ്ധതി നിർവ്വഹണത്തിന്റെ തുടർഘട്ടങ്ങളിൽ പദ്ധതിമോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തൻ വർഷം മോണിറ്ററിംഗ് സമിതിയായി

പ്രവർത്തിച്ചിട്ടില്ല. തൻ വർഷം നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവർത്തികളിലൊന്നും തന്നെ പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച് മോണിറ്ററിഗ് സമിതി റിപ്പോർട്ട് ഇല്ല. പൊതുമരാമത്ത് പദ്ധതികളുടെ മേൽനോട്ടചുമതലയുള്ള വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഇതുസംബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന് ആവശ്യമായ നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

6-മെയിന്റനെന്സ് ഗ്രാന്റ് റോഡ് വിനിയോഗിച്ച് പുതിയ റോഡ് നിർമ്മിക്കുന്നു.

റോഡ് മെയിന്റനെന്സ് വകയിരുത്തിയിട്ടുള്ള വിഹിതം പുതിയ റോഡുകളുടെ നിർമ്മാണത്തിന് വിനിയോഗിക്കാൻ പാടുള്ളതല്ല. കുഴികൾ നികത്തുക, ഉപരിതലം നിരപ്പാക്കുക, ഓടകൾ നിർമ്മിക്കുക, വശങ്ങളിൽ ഭിത്തികെട്ടി ശക്തിപ്പെടുത്തുക മുതലായ ആവശ്യങ്ങൾക്ക് മാത്രമേ പ്രസ്തുത വിഹിതം വിനിയോഗിക്കാവൂ. തൻ വർഷം മെയിന്റെനനസ് ഗ്രാന്റ് റേഡ് വിനിയോഗിച്ച് മൺറോഡുകളിൽ സോളിംഗ് മെറ്റലിംഗ് ടാറിംഗിനായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. മേൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-2 ടെണ്ടർ കുറവ് പരിഗണിക്കാതെ ബിൽ തുക നൽകി

പ്രവൃത്തി പൂർത്തീകരിച്ച് ബിൽ നൽകിയതും കരാറുകാർ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവ് ക്വാട്ട് ചെയ്തതുമായ താഴെ പറയുന്ന പ്രവൃത്തികളിൽ ടെൻണ്ടർ കുറവ് വരുത്താതെ ബിൽ നൽകിയതു വഴി അധികം ചെലവ് വന്നു . വിശദാംശങ്ങൽ താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് നമ്പർ | അടങ്കൽ തുക | കരാറുകാരൻ | ക്വാട്ട് ചെയ്ത തുക | പ്രവൃത്തി മൂല്യം | കരാറുകാരന് നൽകിയ തുക (റിക്കവറികൾ അടക്കം) | നൽകേണ്ടതുക | അധികം നൽകിയത് |
|---|---|---|---|---|---|---|---|
| പുതുക്കുടിമുക്ക് -പുതിയോട്ടിൽ താഴെ റോഡ് . പ്രോജക്ട് നം.20/17-18 | 300000 (മെയിന്റെനന്സ് ഗ്രാന്റ് റോഡ്) | എൻ.എം.ഗോവിന്ദൻ നായർ | 6% below estimate | 300000 | ബിൽ നം-2/3-7-17 300000 (വാറ്റ്-12000, ഐ.ടി-3000, kcwwf-3000,കരാറുകാരൻ-282000) | 264000 | 18000 |
| ജി.എം.എൽ.പി കീഴ്ക്കോട്ട കടവ് ക്ലാസ് റൂം -ടൈൽ പാകൽ പ്രോജക്ട്നം-38/17-18 | 250000 (ലോകബാങ്ക് സഹായം) | കുഞ്ഞിമൊയ്തി | 17.7 below estimate | 206893 | ബിൽനം-9/28-7-17 – 192617 (വാറ്റ്-7705, IT-1926,KCWWF-1926,കോൺട്രാക്ടർ-181060 (ടെണ്ടർ 69% കുറവ് വരുത്തി) | 170273 | 22344 |

മേൽ വിശദാംശങ്ങളിൽ രണ്ടാമത്തെപ്രോജക്ടിൽ കരാറുകാരനായ കുഞ്ഞിമൊയ്തി പ്രവൃത്തിക്കായി 17.7 % എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവാണ് ക്വാട്ട് ചെയ്തത്. എം ബുക്ക്പ്രകാരം ചെയ്ത പ്രവൃത്തി 206893 രൂപയുള്ളതാണ്.

ഇതിൽ 10.5 % സർവ്വീസ്ചാർജ്ജ് കൂട്ടി 228616.77 രൂപ പ്രവൃത്തിമൂല്ല്യമായി കാണിച്ചിട്ടുണ്ട്. പ്രവൃത്തി മൂല്യമായി 206893 കണക്കാക്കി ആയതിൽ നിന്നും ടെണ്ടർ കുറവായി 6.9 കുറക്കുകയും (14275.27) ചെയ്തതിനുശേഷം ബാക്കിതുകയായ 192617 രൂപയാണ് ബിൽ പ്രകാരം പിൻവലിച്ചത്. പ്രവൃത്തിമൂല്ല്യമായ 206893 നിന്നും ടെൻണ്ടർ കുറവായ17.7 % - 36620, ആകെ 170273 രൂപയേ കരാറുകാരന് നൽകേണ്ടിയിരുന്നുള്ളൂ . ടെണ്ടർ കുറവ് വരുത്താതെ രണ്ട് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം നൽകിയ 40344/- രൂപ (18000+ 22344) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 കുടുംബശ്രീ -അഗതികൾക്കുള്ള പോഷകാഹാര വിതരണം മുടങ്ങി.

പഞ്ചായത്തിലെ ഒന്നാംഘട്ട അഗതി ആശ്രയ പ്രോജക്ടിൽ 57 പേരും, രണ്ടാംഘട്ട പ്രോജക്ടിൽ 58 പേരും ഉൾപ്പെടെ ആകെ 115 പേരാണ് ഉള്ളത്. ഒന്നാംഘട്ടത്തിനായി 2005 ൽ 1000000/- രൂപയും രണ്ടാംഘട്ടത്തിനായി 709002 രൂപയുമാണ് ചാലഞ്ച് ഫണ്ട് ഇനത്തിൽ ലഭിച്ചത് (354501/- തീയ്യതി 10-4-15, 354501/- തീയ്യതി 21-12-17).മേൽ ഫണ്ടിൽ ഒന്നാംഘട്ടത്തിനായി ലഭിച്ചതുക സാമ്പത്തിക വർഷത്തിനു മുൻപ് തന്നെ പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിനായി ലഭിച്ച തുകയിൽ 31-3-2018 ന് 336031/- രൂപ കുടുംബശ്രീ അക്കൗണ്ടിൽ ബാലൻസുണ്ട്. അഗതികൾക്കായി അവസാനമായി പോഷകാഹാര വിതരണം നടത്തിയത് മെയ് 2017 ലാണ് .അതിനുശേഷം പോഷകാഹാരവിതരണം നടത്തിയിട്ടില്ല. രണ്ടാം ഘട്ടത്തിനായി ലഭിച്ച തുകയിൽ 336031/- രൂപ ബാലൻസിരിക്കെയാണ് രണ്ട് ലിസ്റ്റിലും ഉൾപ്പെട്ടവർക്ക് തുടർമാസങ്ങളിൽ ഭക്ഷ്യധാന്യവിതരണം നടത്താതിരുന്നത്. സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്നവരാണ് ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നവർ എന്നിരിക്കെ പ്രസ്തുത വിഭാഗത്തിന് അർഹതപ്പെട്ട പേഷകാഹാര വിതരണം ഫണ്ട് ഇല്ലെന്നകാരണത്താൽ മുടങ്ങാനിടയായതിന് കാരണം തദ്ദേശഭരണസ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും പദ്ധതി നടത്തിപ്പിൽ വന്ന വീഴ്ചയും പദ്ധതി മേണിറ്ററിംഗിൽ വന്ന അപാകതയുമാണ്.

ആശ്രയ പദ്ധതിയുടെ പൊതുനടത്തിപ്പിന്റെ മേൽനോട്ടം വിലയിരുത്തൽ സമിതിയിൽ നിക്ഷിപ്തമാണ്. ആശ്രയ പ്രോജക്ടിന്റെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനായിരിക്കണം ഉപസമിതി അദ്ധ്യക്ഷൻ.ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ,മെമ്പർസെക്രട്ടറി, മെഡിക്കൽ ആഫീസർ, അങ്കണവാടി സൂപ്പർവൈസർ, സി.ഡി.എസിലെ സാമൂഹ്യവികസന (ആശ്രയ) ത്തിന്റെ ചുമതലയുള്ള അംഗം, ഈ രംഗത്ത് പ്രവർത്തിക്കാൻ താല്പര്യമുള്ള രണ്ട് സാമൂഹ്യപ്രവർത്തകർ തുടങ്ങിയവർ ഉപസമിതി അംഗങ്ങളായിരിക്കും.ഉപസമിതിയുടെ റിപ്പോർട്ട് പഞ്ചായത്ത് ഭരണ സമിതിയിൽ വിലയിരുത്തേണ്ടതാണ്. രണ്ടുമാസത്തിലൊരിക്കൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതി നിർബന്ധമായും ആശ്രയ പദ്ധതി നടത്തിപ്പ് വിലയിരുത്തേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിലെ വിലയിരുത്തൽ സമിതി അവസാനമായി യോഗം ചേർന്നിരിക്കുന്നത് 13-2-2017 ലാണ്. ഓഡിറ്റ് വർഷം വിലയിരുത്തൽ സമിതി യോഗംചേർന്ന് ആശ്രയ പദ്ധതി നിടത്തിപ്പ് വിലയിരുത്തിയിട്ടില്ല. പദ്ധതി മോണിറ്ററിങ്ങിൽ വന്ന മേൽ വീഴ്ചകാരണമാണ് ഫണ്ടിന്റെ അപര്യാപ്തത യഥാസമയം തിരിച്ചറിഞ്ഞ് പോഷകാഹാര വിതരണ പദ്ധതി മുടങ്ങുന്നത് ഒഴിവാക്കാൻ കഴിയാതെ പോയത്.

## 3-4 മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്- ആവശ്യമായ തുക വകയിരിത്തിയില്ല

പദ്ധതിയുടെ പേര്: ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം
അടങ്കൽ :700000, (വികസനഫണ്ട് 350000, ബ്ലോക്ക് പഞ്ചായത്ത് 175000, ജില്ലാ പഞ്ചായത്ത് 175000,)
ചെലവ്: 612500 (350000 , വികസനഫണ്ട്, 175000 ബ്ലോക്ക്, 87500 ജില്ല )
ബിൽ നം, തിയ്യതി: 11, 29/1/2018 , ചെക്ക് നം. 3471689 തിയ്യതി 28/2/2018

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പ്രൊജക്റ്റിൽ (68) ഗ്രാമപഞ്ചായത്ത് പരിധിയിലെ 37 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുകയുണ്ടായി 3-4-17 ലെ സർക്കാർ ഉത്തരവ് (ms) നമ്പർ 80/17 ത.സ്വ.ഭ.വ. ഇത്തരവിലെ ഖണ്ഡിക 10.3 പ്രകാരം മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത ഇനത്തിൽ പ്രതിമാസം ആയിരം രൂപ വീതവും വസ്ത്രത്തിനും, പഠന സഹായിക്കും, ഉല്ലാസ യാത്രയ്ക്കും വാർഷികമായി യഥാക്രമം 1500, 2000, 1000 രൂപയും സാമ്പത്തിക സഹായം നൽകാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ബന്ധപ്പെട്ട ഫയൽ, വൗച്ചറുകൾ എന്നിവ പരിശോധിച്ചപ്പോൾ സ്കോളർഷിപ്പ് ഇനത്തിലുള്ള 1000 രൂപ മാത്രമാണ് പൂർണ്ണമായും നൽകിയതായി കാണുന്നത് വസ്ത്രത്തിനും, പഠന സഹായിക്കുമായി 3500 രൂപ ഒരു കുട്ടിക്ക് വീതം നൽകേണ്ടതിന് പകരം 1750 രൂപ മാത്രമെ അനുവദിച്ചിട്ടുള്ളൂ യാത്രാ ബത്തയിനത്തിൽ പ്രതിമാസം ആയിരം രൂപ, ആറ് മാസത്തേക്ക് മാത്രമെ അനുവദിച്ചുള്ളൂ സ്കോളർഷിപ്പ് ഇനത്തിലും ബത്തയിനത്തിലും അനുവദിച്ച തുക രണ്ട് ഗഡുക്കളായി 2018 ജനവരി,മാർച്ച് മാസങ്ങളിലായാണ് അനുവദിച്ചത്.

മേൽ വ്യക്തമാക്കിയ സർക്കാർ ഉത്തരവിലെ ഖണ്ഡിക 10.4 പ്രകാരം മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പിന് ആവശ്യമായ തുക വകയിരിത്തിക്കൊണ്ടുള്ള പ്രൊജക്ട് എല്ലാ തദ്ദേശ സ്ഥാപനങ്ങളും എറ്റെടുക്കണമെന്നും, പ്രതിമാസ സ്കോളർഷിപ്പ് /ബത്ത എന്നിവ വർഷത്തിൽ 12 മാസവും നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട് എന്നാൽ ടി നിബന്ധനകൾ പാലിക്കുന്നതിൽ ഗ്രാമ പഞ്ചായത്തിന് വീഴ്ച വന്നിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് 175000 രൂപ വകയിരുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ ഈയിനത്തിൽ 87500 മാത്രമെ ചെലവഴിച്ചിട്ടുള്ളൂ. വകയിരുത്തിയ തുക നേടിയെടുത്ത് പൂർണ്ണമായും ചെലവഴിക്കുന്നതിൽ ഭരണതലത്തിൽ വീഴ്ച വന്നിട്ടുണ്ട്.

## 3-5 സമഗ്ര വിദ്യാഭ്യാസ പരിപാടി- പദ്ധതിമാർഗ്ഗരേഖ പാലിച്ചില്ല

പദ്ധതി പേര് : സമഗ്ര വിദ്യാഭ്യാസം, 86/18
നിർവ്വഹണം : ഹെഡ്മാസ്റ്റർ
അടങ്കൽ : 75000 (തനത് ഫണ്ട് )
ചെലവ് : 45000 (തനത് ഫണ്ട് )
ചെക്ക് നം: 710053, തിയ്യതി 30/11/17

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസപരിപാടിയിൽ 26 കലാമത്സര ഇനങ്ങളിൽ, പഞ്ചായത്തുതല കലോത്സവം സംഘടിപ്പിക്കുന്നതിന് 25000 രൂപയും, പഞ്ചായത്ത് തല കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് 12000 രൂപയും, LSS, USS പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന പഞ്ചായത്തിലെ 85 വിദ്യാർത്ഥികൾക്ക് വൈകിട്ട് 4 മണിക്ക് ശേഷം പരിശീലനം നൽകുന്നതിനായി പ്രതിഭാ പോഷണം ഇനത്തിൽ 8000 രൂപയും ചേർത്ത് മൊത്തം 45000 രൂപ ഈയിനത്തിൽ ചെലവഴിച്ചു.

എന്നാൽ പന്ത്രണ്ടാം പദ്ധതിമാർഗ്ഗരേഖ പ്രകാരം (സ.ഉ (MS) 4/2016 LS GD I. I.16) വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗ്ഗാത്മകശേഷികൾ വികസിപ്പിക്കുന്നതിനും അദ്ധ്യാപകപരിശീലന പരിപാടികൾ ഉൾപ്പെടെ നിരവധി പരിപാടികൾ SSA/RMSA വഴി നടപ്പിലാക്കി വരുന്നുണ്ട്. അനുപൂരകമായ ഇത്തരം പരിപാടികൾ എറ്റെടുക്കാനുദ്ദേശിക്കുന്നുണ്ടെങ്കിൽ ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ SSA/RMSA പ്രൊജക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്. എന്നാൽ കലാപരിശീലനം, കായികപരിശീലനം, പ്രതിഭാ പോഷണം മുതലായ പരിപാടികൾ നടപ്പിലാക്കിയപ്പോൾ മേൽ പറഞ്ഞ നിബന്ധനകൾ പാലിച്ചില്ല ഇക്കാര്യം 2016-17 ഓഡിറ്റ് റിപ്പോർട്ടിലും (ഖ. നം. 3-12) ചൂണ്ടിക്കാട്ടിയിട്ടും അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ച് കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . 45000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-6 എസ്.എസ്.എ വിഹിതം വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

പദ്ധതി പേര്: എസ്.എസ്.എ വിഹിതം അടയ്ക്കൽ , പ്രോജക്ട് നമ്പർ 77
നിർവ്വഹണം : ഹെഡ്മാസ്റ്റർ
അടങ്കൽ : 800000 (വികസന ഫണ്ട് )
ചെലവ്: 800000 (വികസന ഫണ്ട് )
ബിൽ നം,തിയ്യതി: l,15-8-17

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രൊജക്ട് നമ്പർ 77 പ്രകാരം എട്ട് ലക്ഷം രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് പ്രൊജക്ട് ഓഫീസർ സർവശിക്ഷാഅഭിയാന് നൽകിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. 16-11-13ലെ സ.ഉ. (കെ) നം 362/2013 ത സ്വ ഭ വ 6 ii പ്രകാരം എസ്.എസ്.എ.കുള്ള പ്രൊജക്റ്റുകൾ വിദ്യാഭ്യാസകമ്മിറ്റിയുടെ സഹായത്തോടെ തദ്ദേശഭരണസ്ഥാപനവും ചേർന്നാണ് തയ്യാറാക്കേണ്ടത്. തയ്യാറാക്കിയ പ്രൊജക്റ്റ് ഭരണസമിതി അംഗീകരിച്ച ശേഷം

പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യണം എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല 800000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-7 പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ- അപാകത സംബന്ധിച്ച്

പദ്ധതി പേര്: പട്ടികജാതി കുട്ടികൾക്ക് ലാപ്പ്ടോപ്പ്(പ്രൊഫഷണൽ കോഴ്സ് ),98
നിർവ്വഹണം: അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ: 484500 (വികസനഫണ്ട് )
ചെലവ്: 484449(വികസനഫണ്ട്)
ബിൽ നം,തിയ്യതി: 8, 17/3/18

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ പ്രൊജക്റ്റിൽ (98) ഗ്രാമ പഞ്ചായത്തിലെ വിവിധ കോഴ്സുകളിൽ പഠിക്കുന്ന താഴെ കൊടുക്കുന്ന 17 പേർക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകുകയുണ്ടായി.

1. അശ്വന്ത് കൃഷ്ണ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ എഞ്ചിനിയറിംഗ്
2. ഷിബിൻ ലാൽ , MA സംസ്കൃതം
3.അതുൽ അശോക് BSc മാത് സ്
4.ശ്രീശാന്ത്, ഡിപ്ലോമ ഇൻ ഇലക്ട്രിക്കൽ
5. രാഹുൽ ബി ചന്ദ്ര , BDS
6.ആഷിക്ക് പി രാജ് , B Sc കമ്പ്യൂട്ടർ സയൻസ്
7. അജിൻഷ , DEd
8.ആര്യ ബി ചന്ദ്ര , BSc
9.അഭിജിത്ത് സി , BCom
10. അശ്വനി പ്രദീപ് , BA
11. വൈഷ്ണ , BA
12.ജിൻഷ , BEd
13. ജിനോ , B Sc
14. രഞ്ജിത്ത് , BEd
15.ആര്യ പി , BPEd
16. ആതിര സന്തോഷ് , B Sc
17. നിഹിത , B Sc

മേൽ വസ്തുതകളുടെയും, ബന്ധപ്പെട്ട ഫയൽ, വൗച്ചർ എന്നിവ പരിശോധിച്ചപ്പോൾ ലാപ്പ്ടോപ്പ് അനുവദിച്ച 17 പേരിൽ ഒൻപത് പേരും പ്രൊഫഷണൽ കോഴ്സിൽ പഠിച്ചവരല്ല എന്ന് വ്യക്തമാകുന്നുണ്ട് ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/29-11 -18) പഞ്ചായത്ത് നൽകിയ മറുപടിയിൽ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ (3-4-17 ലെ 80/17 തസ്വഭവ) ബിരുദ വിദ്യാർത്ഥികൾക്കും ലാപ്പ്ടോപ്പ് അനുവദിക്കാമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനപ്രകാരമാണ് മുഴുവൽ അപേക്ഷകർക്കും ലാപ്പ്ടോപ്പ് വിതരണം ചെയ്തത് എന്ന് വ്യക്തമാക്കുന്നു.

എന്നാൽ പഞ്ചായത്ത് തയ്യാറാക്കി അനുമതി വാങ്ങിയ പദ്ധതി പ്രകാരം പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന കുട്ടികൾക്ക് മാത്രമെ ലാപ്പ്ടോപ്പ് അനുവദിക്കാവൂ ബിരുദ വിദ്യാർത്ഥികൾക്ക് കൂടി അനുവദിക്കണമെന്നുണ്ടായിരുന്നുവെങ്കിൽ പദ്ധതി പരിഷ്കരിച്ച് യഥാവിധി അനുമതി വാങ്ങേണ്ടിയിരുന്നു ആയതിനാൽ ഈയിനത്തിലുള്ള ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. അംഗീകരിച്ച പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പാക്കിയത് വിശദീകരിക്കേണ്ടതാണ്.

## 3-8 പ്രേരക്മാരുടെ ഹോണറേറിയം സാക്ഷരതാ മിഷനിൽ നിന്നും തിരികെ ഈടാക്കിയില്ല

2017-18 വർഷത്തെ പഞ്ചായത്തിന്റെ തനത് ഫണ്ട് പരിശോധിച്ചതിൽ ( 1.10 il 6 മുതൽ 31. 3.17 വരെ) സാക്ഷരതാ പ്രേരക്മാർക്ക് TA ,ഹോണറേറിയം എന്നീ ഇനങ്ങളിൽ നൽകിയ 1288 14 / = രൂപ ഇപ്പോഴും പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. സാക്ഷരതാ മിഷനിൽ നിന്ന് യഥാസമയം പ്രേരക്മാർക്ക് തുക ലഭിക്കാതെ

വരുമ്പോൾ തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകുകയും ആയതിന്റെ കണക്ക് സാക്ഷരതാ മിഷനെ അറിയിച്ച് തുക ഈടാക്കുകയുമാണ് ചെയ്യേണ്ടത് . എന്നാൽ 1.10.16 മുതൽ 3.3.17 വരെ പ്രേരക്മാർക്ക് നൽകിയ തുകയുടെ വിശദവിവരം സാക്ഷരതാമിഷനെ അറിയിച്ചത് 26.10.18ന് മാത്രമാണ്. തുക ഈടാക്കുന്നതിനാവശ്യമായ നടപടിക സ്വീകരിക്കേണ്ടതും ഇക തിരികെ ലഭിച്ചു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-9 കാർഷിക മേഖല- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കാർഷിക മേഖലയിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾ പദ്ധതി പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലുമുണ്ടായ വീഴ്ചകൾ കാരണം യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നതിൽ വിജയം കണ്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം & പേര്. | 62/2018, കേടു വന്ന തെങ്ങുകൾ മുറിച്ച് മാറ്റി പുതിയ തൈകൾ വയ്ക്കൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | ശ്രീ.അബ്ദുൾ മജീദ്, കൃഷി ഓഫീസർ. |
| അടങ്കൽ | 200000 |
| ചെലവ് | 200000, ബിൽ നം- 23/2018,26.03.2018 |

| | |
|---|---|
| പ്രൊജക്റ്റ് നം & പേര്. | 154/2018, കേടു വന്ന തെങ്ങുകൾ മുറിച്ച് മാറ്റി പുതിയ തൈകൾ വയ്ക്കൽ. (സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | ശ്രീ.അബ്ദുൾ മജീദ്, കൃഷി ഓഫീസർ. |
| അടങ്കൽ | 150000 |
| ചെലവ് | 150000,<br>( ₹ 44500, ബിൽ നം- 6/2018,24.09.2017<br>₹ 102000.ബിൽ നം- 5/2018,28.06.2017<br>₹ 3500.ബിൽ നം- 18/2018,16.03.2018 |

ക്കുമ്പ് ചീയൽ രോഗബാധ മൂലം കേടുവന്ന തെങ്ങുകൾ മുറിച്ച് മാറ്റി പകരം തൈകൾ വച്ച് പിടിപ്പിക്കുന്നതിലൂടെ രോഗ ബാധ തടയുക, ഉത്പാദനം ഉറപ്പ് വരുത്തുക എന്നിവയാണ് പദ്ധതി പ്രകാരം വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ. മേൽ പദ്ധതികൾ മുഖേന 2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ കേടുവന്നതിനെ തുടർന്ന് മുറിച്ച് മാറ്റിയ 700 തെങ്ങുകൾക്ക് 500 രൂപ നിരക്കിൽ 350000 രൂപ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം സബ്സിഡി നിരക്കിൽ കർഷകർക്ക് തെങ്ങിൻ തൈകൾ ലഭ്യമാക്കി ഭാവിയിൽ നാളികേര ഉത്പാദനത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കുക എന്ന പ്രഥമ ലക്ഷ്യം കൈവരിക്കുന്നതിന് പദ്ധതി സഹായകമായില്ല. പദ്ധതി ആസൂത്രണത്തിലുണ്ടായ വീഴ്ചയാണ് മേൽ അപാകതക്ക് കാരണമായത്. ആസൂത്രണ – നിർവ്വഹണ ഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലാതിരുന്നതും വീഴ്ചക്ക് കാരണമായിട്ടുണ്ട്. ക്കുമ്പ് ചീയൽ രോഗബാധ മൂലം 700ലധികം തെങ്ങുകൾ വെട്ടി മാറ്റേണ്ടുന്ന സാഹചര്യം പഞ്ചായത്തിലുണ്ടായിരുന്നിട്ടും മേൽ വെല്ലുവിളിയെ അഭിസംബോധന ചെയ്യുന്ന തരത്തിൽ കീടരോഗ നിയന്ത്രണ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമാക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ് ശ്രദ്ധ ചെലുത്തിയിട്ടില്ല.

<u>വർക്കിംഗ് ഗ്രൂപ്പ് നിഷ്ക്രിയം.</u>

09.01.2017 തീയതിയിലെ ജി.ഒ (എം.എസ്) നം.10/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 2.4 ൽ വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകളെ കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. അവസ്ഥാ രേഖ തയ്യാറാക്കൽ, അവസ്ഥാരേഖക്കനുസൃതമായി പദ്ധതി ആസൂത്രണം നടത്തൽ, നിർവ്വഹണ ഘട്ടത്തിൽ പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യൽ എന്നിവ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാന ചുമതലകളിൽ ഉൾപ്പെടുന്നു. എന്നാൽ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ കൃഷി, മണ്ണ്-ജല സംരക്ഷണം, പരിസ്ഥിതി, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് 2017-18 വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 2 തവണ മാത്രമെ യോഗം ചേർന്നിട്ടുള്ളു. ( 09.05.2017,29.01.2018 ) പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക എന്ന സുപ്രധാന ചുമതല നിർവ്വഹിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പിന് സാധിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ പദ്ധതികൾ ലക്ഷ്യം കൈവരിക്കപ്പെട്ടിട്ടുണ്ടോ എന്നത് പരിശോധനാ വിധേയമാക്കപ്പെട്ടില്ല. ജൈവ പച്ചക്കറി വികസനം , ഇടവിള കൃഷി വികസനം, കുരുമുളക് കൃഷി വികസനം എന്നിവയിൽ പദ്ധതി നിർവ്വഹണ സമയത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് നിർവ്വഹണ കലണ്ടർ തയ്യാറാക്കി പദ്ധതി പ്രവർത്തനങ്ങൾ ഉചിതമായ സമയങ്ങളിൽ നടത്തപ്പെട്ടു എന്ന് ഉറപ്പ് വരുത്തുന്നതിനും വർക്കിംഗ് ഗ്രൂപ്പിന് സാധിച്ചിട്ടില്ല.

കേടുവന്ന തെങ്ങുകൾ മുറിച്ച് മാറ്റിയത് മൂലമുണ്ടായ നാളികേര ഉത്പാദനത്തിലെ കുറവ് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് പദ്ധതി ആസൂത്രണ-നിർവ്വഹണ ഘട്ടങ്ങളിൽ ഇടപെടുന്നുണ്ടോ എന്നത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിക്കേണ്ടതാണ്.

## 3-10 <u>വനിതാകർഷകർക്ക് പാലിന് ഇൻസെന്റീവ് -ആവശ്യത്തിന് ഗുണഭോക്താക്കളില്ലാഞ്ഞതിനാൽ പ്രോജക്ട് പൂർത്തിയായില്ല.</u>

2017-18 വർഷം ഡയറി ഫാം ഇൻസ്പെക്ടർ നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 158/18 പ്രകാരം വനിതാ കർഷകർക്ക് പാലിന് ഇൻസെന്റീവ് നൽകുന്ന പദ്ധതിക്കായി 550000/- രൂപ (വികസന ഫണ്ട്-150000/- ബ്ലോക്ക് ഫണ്ട്-300000/- ജില്ലാപഞ്ചായത്ത് ഫണ്ട്- 100000/-) അടങ്കലിൽ പദ്ധതി രൂപീകരിച്ചു. എന്നാൽ ആവശ്യത്തിന് വനിതാ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ പദ്ധതിക്കായി 339479/-രൂപയേ ചെലവായുള്ളു. (വികസന ഫണ്ട്-92585/-, ബ്ലോക്ക് ഫണ്ട്-185170/-, ജില്ലാ പഞ്ചായത്ത് ഫണ്ട്-61724/-). തൻവർഷം തന്നെ ക്ഷീരകർഷകർക്ക് പാൽ ഇൻസെന്റീവ് നൽകൽ ജനറൽ ആയി മറ്റൊരു പ്രോജക്ട് നടപ്പിലാക്കുകയും അതിൽ ഉൾപ്പെട്ട വനിതകൾക്ക് പാൽ ഇൻസെന്റീവ് നൽകുകയും ചെയ്തിട്ടുണ്ട്.മേൽ പ്രോജക്ടിനായി പഞ്ചായത്ത് തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട വനിതകൾ തന്നെയാണ് വനിതാകർഷകർക്ക് പാലിന് ഇൻസെന്റീവ് നൽകൽ എന്ന പദ്ധതിയിലെയും ഗുണഭോക്താക്കളായി തെരഞ്ഞെടുത്തത്.ജനറൽ പ്രോജക്ടിനായുള്ള പദ്ധതി ആദ്യം നടപ്പിലാക്കിയതിനാൽ അതിൽ ഉൾപ്പെട്ട വനിതകൾക്കും ധനസഹായം നൽകിയതിനാൽ രണ്ടാമത്തെ പ്രോജക്ട് നടപ്പിലാക്കുമ്പോൾ അവരെ വീണ്ടും പരിഗണിക്കാൻ കഴിയാതെ വരികയായിരുന്നു. വനിതാ ഘടകപദ്ധതി എന്ന ഗണത്തിൽ പ്രോജക്ട് തയ്യാറാക്കിയപ്പോൾ വന്ന അപാകതയാണ് പദ്ധതിക്ക് വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാൻ കഴിയാതെ രണ്ട് പദ്ധതികളിലും ഒരേ ഗുണഭോക്താക്കൾ തന്നെ വരുന്നതിനുമിടയാക്കിയതും. ആവശ്യത്തിന് ഗുണഭോക്താക്കളില്ലാത്തതിനാലാണ് പദ്ധതി സ്പില്ലോവറാക്കാൻ കഴിയാതെ വരികയും വകയിരുത്തിയ തുകയിൽ പഞ്ചായത്തിനുലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം എന്നിവ ചെലവഴിക്കാൻ

കഴിയാതെ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തന്നെ തിരിച്ച് നൽകേണ്ടിയും വരുന്നത്. ആയത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | | | | |
| | | 20000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 20000 | |
| | | 255000 | സമഗ്ര നെൽകൃഷി | 255000 | |
| | | 100000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് (വനിത ) | 61274 | 38276 |
| | | 100000 | ക്ഷീര ഗ്രാമം (വനിത) | 80000 | |
| | | 300000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 300000 | |
| | | 17500 | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. | 87500 | 87500 |
| ബ്ലോക്ക് പഞ്ചായത്ത് | | 200000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 200000 | |

| | | | | | |
|---|---|---|---|---|---|
| | | 255000 | സമഗ്ര നെൽകൃഷി | 255000 | |
| | | 300000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് (വനിത ) | 185170 | 114830 |
| | | 10500 | ജൈവ പച്ചക്കറി | 10500 | |
| | | 175000 | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. | 175000 | |
| | | 250000 | വൃദ്ധർക്ക് കട്ടിൽ | 250000 | |
| | | 300000 | തണൽ | 0 | 300000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | നടുവണ്ണൂർ കനാൽ- റോഡ് | 21700983, | 300000 | - | 300000 |
| | മൃഗാശുപത്രി, കല്ലറ താഴെ, ഉട്ടുമ്പ്രമല റോഡ് | 21700984 | 300000 | - | 300000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1730254 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1730254 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1730254 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| KDC 786679 | 1730254 |
| ആകെ | 1730254 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 250 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 2-2 | 250 | നിഷ.കെ.കെ.<br>ഹിന്ദി ടീച്ചർ | 11740104210 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 31 | 2003-04 | പൊതുപരാമർശം -7 | കാലഹരണപ്പെട്ട നികുതി കുടിശ്ശികയുടെ വിവരം |
| 1999-00 | 35 | 2003-04 | പൊതുപരാമർശം -5 | വീട് നിർമ്മിച്ചത് സംബന്ധിച്ച രേഖകളില്ല. |
| 2000-01 | 2-5 | 2004-05 | പൊതുപരാമർശം -3 | നികുതിപിരിവിൽ അലംഭാവം- കുടിശ്ശിക പെരുകുന്നു |
| 1999-00 | - | 2003-04 | മറ്റ് പരാമർശം- 11.14 | പൂർത്തീകരിക്കാത്ത പദ്ധതികൾ |
| 2000-01 | - | 2003-04 | മറ്റ് പരാമർശം- 11.14 | ചെങ്ങോട്ടുപാറ-കിഴക്കോറ്റ കടവ് റോഡ് |
| 2000-01 | - | 2003-04 | മറ്റ് പരാമർശം- 11.14 | എൽ.പി സ്കൂളിന് ലൈബ്രറി ബുക്ക് |
| 2008-09 | 3-9 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്ക്- കാലതാമസം. |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 30,31, 32,33 | എം.സി.ചന്ദ്രൻ, സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് | LF.2169 /Spl. Cell Dt. 01.08.2002 | 9531 | - | | | | 0 | 9531 | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 120403182.67 |

| | | |
|---|---|---|
| (മുന്നിരിപ്പ് ഉൾപ്പെടെ ) | | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 111940095 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 27405 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 40344 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1329449 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-9 | 27405 | | ശ്രീ.ഷിജു.എൽ.എൻ. സെക്രട്ടറി,നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്. |
| 3-2 | | 40344 | ശ്രീമതി.ഷഹന.സി, അസിസ്റ്റന്റ് എഞ്ചിനീയർ, നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 45000 | ശ്രീ.രാജൻ.ഒ.എം, ഹെഡ് മാസ്റ്റർ. |
| 3-6 | 800000 | -ടി- |
| 3-7 | 484449 | ശ്രീമതി.ഷബീന.കെ.പി, അസിസ്റ്റന്റ് സെക്രട്ടറി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷിജു.എൽ.എൻ. സെക്രട്ടറി, നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | പുതുക്കുടി വീട്. പനങ്ങാട്.പി.ഒ. കോഴിക്കോട് 673612 |
| ശ്രീമതി.ഷഹന.സി. അസിസ്റ്റന്റ് എഞ്ചിനീയർ, നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | | കളരിക്കൽ കുടിയിൽ മാറം പിള്ളി.പി.ഒ ആലുവ. എറണാകുളം. 683105 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി/പി.10 /236/12(6)/06.03.12 | 5 | 26,28,30,32,33 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി.10 /866/12(2)/02.06.12 | 2 | 51,54 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി.10 /866/12(3)/02.06.12 | 3 | 31,34,35 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി.10 /866/12(4)/02.06.12 | 2 | 8,11 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി.10 /1018/14(1)/30.08.14 | 2 | 2-1,3-7 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.10 /866/12(5)/02.06.12 | 1 | 3-8 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി.10 /866/12(6)/02.06.12 | 1 | 3-6 |

| | | | |
|---|---|---|---|
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി.10 /866/12(7)/02.06.12 | 0 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി.10 /866/12(8)/02.06.12 | 5 | 3-1,3-6,3-7,3-15,3-16 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി.10 /1018/14(2)/30.08.14 | 24 | 2-1,3-5,3-6,3-7,3-9,3-10, 3-11,3-12,3-15 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി.10 /1018/14(3)/30.08.14 | 8 | 2-3,3-1,3-3,3-5,3-6, 3-7,3-10,3-11 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.10 /1018/14(4)/30.08.14 | 23 | 2-8,2-10,2-12,3-4,3-5, 3-6,3-7,3-8,3-9,3-10,3-12, 3-13,3-14 a, 3-14 b, 3-15, 3-16 A, 3-16 B, 3-19, 3-22, 3-23, 3-24, 3-25, 3-28, 3-29. |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി.10 /855/13/18.07.13 | 18 | 2-5,2-6,2-7,2-8, 2-9, 2-10, 3-1, 3-2,3-3, 3-5, 3-6,3-8,3-9,3-10, 3-13,3-15,3-16, 3-18,3-22,3-23, 3-25, 3-26, |
| 2010-11 & 2011-12 | എൽ.എഫ്.കെ.കെ.ഡി/പി.10 /11117/14/30.12.14 | 20 | 1-5,1-6,2-1,2-3,2-4,3-2,3-3, 3-6,3-7,3-8,3-9,3-10, 3-11, 3-12,3-13,3-14,3-15,3-16,3-17. |
| 2012-13 & 2013-14 | എൽ.എഫ്.കെ.കെ.ഡി/പി.10 /2138/15/19.12.15 | 16 | 2-2,2-3,3-1,3-2,,3-3,3-7, 3-8,3-6, |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി.10 /1055/16/15.06.16 | 12 | 2-1,2-2,2-3, 3-1,3-2,3-3, 3-4,3-5,3-6,3-7, |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.10 /2045/16/21.11.16 | 19 | 2-1,3-1 മുതൽ 3-9 വരെ, 3-11 മുതൽ 3-18 വരെ |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി.10 /1946/17 തീയതി16.02.2018 | 9 | 2-1(4), 3-3, 3-4, 3-9, 3-10, 3-11, 3-12, 3-13, 3-14 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം.1

### ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി. പി.10/2712/2018 തീയതി 17.01.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്